# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പ്രമാടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്സ്.എ.പി.റ്റി.എ.പി 9 - 172/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പ്രമാടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്സ്.എ.പി.റ്റി.എ.പി 9 - 172/2022 തീയ്യതി: 16/03/2022

## പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-01-2020 മുതൽ 12-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പി.കെ വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 13-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റ്റി.അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സൂര്യപ്രഭ പി.സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരികുമാർ എസ്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.റോബിൻ പീറ്റർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സൈമൺ വർഗ്ഗീസ് | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീമതി മിനി മറിയം ജോർജ്ജ് | സെക്രട്ടറി | 16-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുജിത്ത് എസ്. | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീ.ഫിന്നി കെ.രാജു | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ഡോ.ഷെറിൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ.രമ്യ ദത്ത് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.നുജു | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.സജിത എസ്.പിള്ള | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീത എസ്. | ഹെഡ് മിസ്ട്രസ് | 01-04-2019 | 07-06-2019 |
| ശ്രീമതി വൽസല | ഹെഡ് മിസ്ട്രസ് | 08-06-2019 | 31-03-2020 |
| ശ്രീമതി ബിന്ദു വി.നായർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. അനിയൻ എ.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീന എസ്.എൽ. | കൃഷി ഓഫീസർ | 01-04-2019 | 30-09-2019 |
| ശ്രീമതി ആൻസി എം.സലിം | കൃഷി ഓഫീസർ | 22-11-2019 | 31-03-2020 |
| ശ്രീമതി സ്മിത ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 20-07-2019 |
| ശ്രീ. കാർത്തിക് | അസിസ്റ്റന്റ് എഞ്ചിനീയർ | 21-07-2019 | 28-07-2019 |

| | | | |
|---|---|---|---|
| ശ്രീ. സുബിൻ എസ്.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2019 | 31-03-2020 |
| ശ്രീമതി ജ്യോതി എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീമതി മിനി തോമസ്സ് | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2019 | 31-03-2020 |
| ശ്രീ. ഉല്ലാസ് എൻ. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ രഞ്ജിത് കുമാർ എസ്. | കൃഷി ഓഫീസർ | 01-10-2019 | 21-11-2019 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Suryaprabha P.C (Asst. Audit Officer, On 01-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-2 |
| 3 | സാമ്പത്തികവിശകലനം<br>Written By: Suryaprabha P.C (Asst. Audit Officer, On 01-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രിക - അപാകങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 09-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 09-03-2022) | 1-7 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 1-10 |
| 12 | തനത് വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമതയില്ല<br>Written By: Harikumar.S (Auditor, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-11 |
| 13 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല<br>Written By: Harikumar.S (Auditor, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-12 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Harikumar.S (Auditor, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-13 |
| 15 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-14 |
| 16 | ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കൃത്യതയില്ല<br>Written By: Harikumar.S (Auditor, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-15 |
| 17 | കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - പഞ്ചായത്തിന് വരുമാനനഷ്ടം | 1-16 |

| | | |
|---|---|---|
| | Written By: Harikumar.S (Auditor, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | |
| 18 | ആട് വളർത്തൽ പദ്ധതികൾ - വ്യത്യസ്ത നിരക്കിൽ ആടുകളെ വാങ്ങി<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-17 |
| 19 | സ്മാർട്ട് ക്ളാസ്സ് റൂം പദ്ധതി - ആവശ്യാധിഷ്ഠിതമല്ലാതെ വാങ്ങലുകൾ നടത്തി<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 1-18 |
| 20 | പട്ടികജാതി വികസനഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-19 |
| 21 | അക്രഡിറ്റഡ് ഏജൻസി മുഖേന നിർമ്മാണപ്രവൃത്തി - നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-20 |
| 22 | അങ്കണവാടി നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-21 |
| 23 | സാമൂഹ്യനീതി വകുപ്പിന് 11.68 ലക്ഷം രൂപ കൈമാറിയില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-22 |
| 24 | പ്രളയബാധിതർക്ക് ജീവനോപാധിക്കായി ലഭിച്ച 52.63 ലക്ഷം രൂപ വകമാറ്റി<br>Written By: Suryaprabha P.C (Asst. Audit Officer, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-23 |
| 25 | കുടിവെള്ള വിതരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച<br>Written By: Suryaprabha P.C (Asst. Audit Officer, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-24 |
| 26 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്- സമയബന്ധിത തുടർനടപടികൾ അനിവാര്യം<br>Written By: Suryaprabha P.C (Asst. Audit Officer, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-25 |
| 27 | പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കണം<br>Written By: Suryaprabha P.C (Asst. Audit Officer, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-26 |
| 28 | പശ്ചാത്തലമേഖലയിൽ ഫലക്ഷമതയില്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-27 |
| 29 | മാനവൽ ടെണ്ടർ - കരാറുകാർ മത്സരം ഒഴിവാക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-28 |
| 30 | സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കാതെ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു<br>Written By: T Anilkumar (Audit Officer (HG), On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-29 |
| 31 | എൽ.പി.എസ്. നവീകരണം– പൊളിച്ചുമാറ്റിയ മര ഉരുപ്പടികളും, ഓടും ലേലം ചെയ്തില്ല<br>Written By: T Anilkumar (Audit Officer (HG), On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-30 |
| 32 | എഗ്രിമെന്റ് വയ്ക്കുന്നതിൽ കാലതാമസം - നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: T Anilkumar (Audit Officer (HG), On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-31 |

| | | |
|---|---|---|
| 33 | ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ പ്രതിഫലം നൽകിയില്ല<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-32 |
| 34 | ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 134315 രൂപ<br>Written By: T Anilkumar (Audit Officer (HG), On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-33 |
| 35 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-34 |
| 36 | ഗുണഭോക്താവല്ലാത്ത വ്യക്തിയുടെ അക്കൗണ്ടിലേക്ക് സബ്സിഡി ക്രഡിറ്റ് ചെയ്തു<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-35 |
| 37 | ഗുണഭോക്താവിന് ഒരു ഗഡു തുക അധികമായി അനുവദിച്ചു<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-36 |
| 38 | ഗുണഭോക്താക്കൾക്ക് ഒരോ ഗഡു അധികമായി അനുവദിച്ചു<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-37 |
| 39 | ഹരിതകർമ്മസേനയ്ക്ക് വി.ജി.എഫ്. - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-38 |
| 40 | ലൈബ്രറികളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-39 |
| 41 | സ്റ്റോക്ക് വിതരണരേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-40 |
| 42 | സ്കൂളുകൾക്ക് ഡെസ്ക്, കസേര വാങ്ങൽ - വിതരണ രേഖകൾ പൂർണ്ണമല്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-41 |
| 43 | വട്ടക്കാവ് ഞക്കകാവ് കുടിവെള്ള പദ്ധതി - വിനിയോഗ രേഖകളില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 04-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-42 |
| 44 | ചെലവു രേഖകൾ ഹാജരാക്കിയില്ല ; ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 1-43 |
| 45 | ഗ്രന്ഥശാലയ്ക്ക് കസേര വാങ്ങൽ - ചെലവുരേഖകൾ പൂർണ്ണമല്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-44 |
| 46 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവുരേഖകൾ ഹാജരാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഗുണഭോക്താവ് അല്ലാത്ത വ്യക്തിയുടെ അക്കൗണ്ടിലേക്ക് സബ്സിഡി അനുവദിച്ചു<br>Written By: Johncy John (Computer Assistant, On 28-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 3-1 |

| | | |
|---|---|---|
| 2 | പദ്ധതിയുടെ ഗുണഭോക്താവിന് ഒരു ഗഡു തുക അധികമായി അനുവദിച്ചു<br>Written By: Johncy John (Computer Assistant, On 28-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 3-2 |
| 3 | വീട് വാസയോഗ്യമാക്കൽ (എസ്.സി.) - ഗുണഭോക്താക്കൾക്ക് തുക അധികം നൽകി<br>Written By: Johncy John (Computer Assistant, On 28-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 17-03-2022) | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Harikumar.S (Auditor, On 04-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 10-03-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Jayaprabha P (Asst. Audit Officer, On 02-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayaprabha P (Asst. Audit Officer, On 25-01-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 10-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 10-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 18-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 16-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 സാമ്പത്തികവർഷത്തെ ബജറ്റ് 18.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക 11/05/2020-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യപത്രികയുടെ പരിശോധനപ്രകാരം ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യു ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.

3. ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:-

വിവിധ കേന്ദ്ര/സംസ്ഥാന ഗ്രാന്റുകളുടെ വരവ്, വിനിയോഗവിവരം എന്നിവ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. 320100299 എന്ന ഹെഡിൽ 144816 രൂപ വർഷങ്ങളായി നീക്കിയിരിപ്പ് കാണിക്കുന്നുണ്ട്. വാർഷികകണക്ക് പ്രകാരമുള്ള ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ മുന്നിരിപ്പ്, നീക്കിയിരിപ്പ് (1315270) തുകകൾ ബന്ധപ്പെട്ട രജിസ്റ്ററിലെ തുകകളുമായി (1229312) പൊരുത്തപ്പെടുന്നില്ല.

4. ഷെഡ്യൂൾ ബി4:-സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ചതിൽ നീക്കിയിരുപ്പുള്ള തുകകൾ കാഷ് ആന്റ് ബാങ്ക് ബാലൻസ് ഷെഡ്യൂളിലെ ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിന്റെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്കിൽ നിന്നു ലഭിച്ച വികസനഫണ്ട് 8 ലക്ഷം രൂപ ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിൽ (റ്റി.എസ്.ബി-546) ക്രഡിറ്റ് ചെയ്യുന്നതിന് പകരം തനതുഫണ്ട് സൂക്ഷിക്കുന്ന ട്രഷറി അക്കൗണ്ടിലാണ് (റ്റി.എസ്.ബി-03) ക്രഡിറ്റ് ചെയ്തത്. ഇതിൽ 3 ലക്ഷം രൂപ ഇപ്പോഴും തനതുഫണ്ട് അക്കൗണ്ടിൽ ശേഷിക്കുന്നു.

5. ഷെഡ്യൂൾ ബി4:-സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗവിവരം അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ് അക്കൗണ്ട് ചെയ്തതിൽ 15 ലക്ഷം രൂപയുടെ കുറവുണ്ടായി. ഇതു കൂടാതെ 49-ാം നമ്പർ അങ്കണവാടി നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2019-20 ലഭിച്ച 5 ലക്ഷം രൂപ 31.03.2020-ൽ എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ്മിഷന് കൈമാറിയെങ്കിലും ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല. ഈ തുക നീക്കിയിരിപ്പിലും ഉൾപ്പെട്ടിട്ടുണ്ട് (ഈ തുക തനതുഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് ആ അക്കൗണ്ടിൽ നിന്ന് ചെലവ് ചെയ്യുകയാണുണ്ടായത്). ആയതിനാൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വാർഷികകണക്ക് പ്രകാരമുള്ള ചെലവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല.

6. ശുചിത്വ മിഷൻ ഫണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകളില്ല. ഗ്രാന്റിന്റെ വിനിയോഗം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

7. ഷെഡ്യൂൾ ബി-5: Secured Loan From Hudco-6885927 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക 4519033 രൂപയാണ്.

8. ഷെഡ്യൂൾ B7, RP 34:- ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് /സപ്ലയേഴ്സ് /ബിഡേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ് /സപ്ലയേഴ്സ് /ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ തുടങ്ങിയവ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ വരവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. ആയതിനാൽ ഷെഡ്യൂൾ B7, RP-34 പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

9. ഷെഡ്യൂൾ B9:- റവന്യൂ – അഡ്വാൻസ് കളക്ഷനായി കാണിച്ചിരിക്കുന്ന തുകകൾ ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B9 Schedule | Demand Register |
|---|---|---|
| Advance Collection-Profession Tax-Institution/Professionals/Traders | 8500 | 23500 |

10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

11. ഷെഡ്യൂൾ B-11(a):- ആസ്തി നിർമ്മാണത്തിന് പാർട്ട് ബിൽ പ്രകാരം ചെലവായ തുക ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

12. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

13. ഷെഡ്യൂൾ B15:- വസ്തു നികുതി വരവ്, ചെലവ് നീക്കിയിരിപ്പ്-സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14. ഷെഡ്യൂൾ B15, I-3, , RP-43:- വാടക ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. കടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

15. ഷെഡ്യൂൾ B17 പ്രകാരം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള സാക്ഷരതാ അക്കൗണ്ടിൽ 2768 രൂപ ശേഷിക്കുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ബാങ്ക് പാസ്ബുക്ക് ഉൾപ്പടെയുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. ഈ അക്കൗണ്ട് ക്ലോസ് ചെയ്ത് തുക തനതുഫണ്ടിലേയ്ക്ക് റീ്ളപ്പ് ചെയ്തിട്ടില്ല.

16. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകകളുടെ വിനിയോഗസാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല. ഉദാ;

Deposit With KWA - 5630000

Depoist With KSEB - 5945535

17. ഷെഡ്യൂൾ B18 : MGNREGS അക്കൗണ്ടിൽ നിന്ന് യഥാസമയം തുകകൾ തനതുഫണ്ട് അക്കൗണ്ടിലേക്ക് റീ്ളപ്പ് ചെയ്യുന്നില്ല. വർഷാവസാനം 394247 രൂപ റീ്ളപ്പ് ചെയ്യാതെ അവശേഷിക്കുന്നു.

18. ഷെഡ്യൂൾ I-1 I-4(b), RP-43:- ലൈസൻസ് ഫീസ്, വ്യാപാരികളുടെ തൊഴിൽ നികുതി - ഡിമാന്റ്, കളക്ഷൻ തുകകൾ ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

19. ഷെഡ്യൂൾ I-6: MGNREGA - ലഭ്യമാക്കിയിട്ടുള്ള കണക്കുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32288792 |
| വരവ് | 87262540 |
| ആകെ | 119551332 |
| ചെലവ് | 80062515 |
| നീക്കിയിരിപ്പ് | 39488817 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ട്രഷറി ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17470000 | 17470000 | 15513951 | 1956049 | 1916717 |
| പ്രളയവിഹിതം (ജനറൽ) | | 3283000 | 3283000 | 429424 | 2853576 * | 1709540 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9627000 | 9627000 | 6753141 | 2873859 | 1314575 |
| പ്രളയവിഹിതം (എസ്.സി.പി) | 0 | 1765000 | 1765000 | 0 | 1765000 * | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 439000 | 439000 | 224662 | 214338 | 130938 |

| | | | | | | |
|---|---|---|---|---|---|---|
| പ്രളയവിഹിതം (റ്റി.എസ്.പി) | 0 | 180000 | 180000 | 0 | 180000 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 13352000 | 13352000 | 7549901 | 5802099 * | 3014008 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 15527000 | 15527000 | 8181118 | 7345882 | 4549013 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 5113000 | 5113000 | 2653904 | 2459096 | 1022358 |

*ധനകാര്യകമ്മീഷൻ ഗ്രാന്റ്, പ്രളയഫണ്ട് എന്നിവയിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക 2020-21 വർഷം അധിക അലോട്ട്മെന്റായി അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ലാപ്സാകുന്നില്ല

| സംസ്ഥാനാവിഷ്കൃതഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 564945 | 564945 | 564945 | 0 |
| ലൈഫ്- സ്റ്റേറ്റ് ഷെയർ | 0 | 800000 | 800000 | 800000 | 0 |
| ശുചിത്വ മിഷൻ | 3537791 | 516000 | 4053791 | 1616780 | 2437011 |
| കേന്ദ്രാവിഷ്കൃതഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർഇ.ജി.എസ് | 26775 | 24861086 | 24887861 | 24493614 | 394247 |
| ഐ.സി.ഡി.എസ്. | 1280294 | 668102 | 1948396 | 719084 | 1229312 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രിക - അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗപത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ) ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പൊതുവിഭാഗം വികസനഫണ്ടിന്റെ വരവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല.

വികസനഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള ധനകാര്യവകുപ്പിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്ന് അലോട്ട്മെന്റ് പ്രകാരമുള്ള തുക വരവായി എടുക്കുന്നതിനു പകരം സർക്കാർ സോതസ്സിൽ നിന്നും കുറവു ചെയ്തതിന് ശേഷം പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് എടുത്തിരിക്കുന്നതെന്ന് വ്യക്തമായി. വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നു കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖയിൽ രേഖപ്പെടുത്തുമ്പോൾ വരവായി എടുക്കാത്ത തുക ചെലവിൽ ഉൾപ്പെടുകയും നീക്കിയിരിപ്പിൽ കുറവുണ്ടാകുകയും ചെയ്യുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നു കുറവ് ചെയ്ത തുക | | പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|---|
| | | ഹഡ്കോ മുതൽ തിരിച്ചടവ് | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | | |
| വികസന ഫണ്ട് (ജനറൽ) പ്രളയ വിഹിതം ഉൾപ്പടെ | 20753000 | 573529 | 1752000 | 18427471 | 18427471 |
| വികസന ഫണ്ട് (എസ്.സി.പി) പ്രളയ വിഹിതം ഉൾപ്പടെ | 11392000 | 44118 | | 11347882 | 11347882 |
| വികസന ഫണ്ട് (റ്റി.എസ്.പി) പ്രളയ വിഹിതം ഉൾപ്പടെ | 619000 | 14706 | | 604294 | 604294 |

പൊതുവിഭാഗം വികസനഫണ്ടിന്റെ വരവ്, നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| | ആകെ വരവ് | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ നീക്കിയിരിപ്പ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട് (ജനറൽ) പ്രളയ വിഹിതം ഉൾപ്പടെ | 20753000 | 18427471 | 15943375 | 15943375 | 4809625 | 2484096 |
| വികസന ഫണ്ട് (എസ്.സി.പി) പ്രളയ വിഹിതം ഉൾപ്പടെ | 11392000 | 11347882 | 6753141 | 6753141 | 4638859 | 4594741 |
| വികസന ഫണ്ട് (റ്റി.എസ്.പി) പ്രളയ വിഹിതം ഉൾപ്പടെ | 619000 | 604294 | 224662 | 224662 | 394338 | 379632 |

ബി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗപത്രികയിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. ഇത് വാർഷികകണക്ക് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 341 | 123233134 | 175 | 63637044 | 166 | 51% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | | 22581077 | 22581077 | 22581077 | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 26775.25 | 2280009 | 2306784.25 | 1912537 | 394247.25 |
| ആകെ | 26775.25 | 24861086 | 24887861.3 | 24493614 | 394247.3 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28560 | 25 |
| കർഷകത്തൊഴിലാളി പെൻഷൻ | 3882000 | 1423 |
| വിധവാപെൻഷൻ | 11058000 | 1528 |
| വാർദ്ധക്യകാലപെൻഷൻ | 18643800 | 2229 |
| വികലാംഗപെൻഷൻ | 3372500 | 428 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 93000 | 34 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2021 3.30 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3513 രൂപ (മൂവായിരത്തി അഞ്ഞൂറ്റി പതിമൂന്ന് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

- 24.09.19 മുതൽ 01.11.20 വരെയുള്ള കാലയളവിൽ പഞ്ചായത്ത് യോഗം ചേർന്നിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 161 പ്രകാരം രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള ഒരു മാസത്തിൽ കൂടുതലായിരിക്കാൻ പാടില്ല.
- നൂറ് ശതമാനം നികുതി പിരിവ് ആർജിച്ചിട്ടില്ല. പ്രധാന വരുമാനസ്രോതസ്സായ വസ്തുനികുതി 58.9% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്.
- തപാൽ വിതരണരജിസ്റ്ററിൽ എല്ലാ ജീവനക്കാരും ഒപ്പിട്ട് തപാൽ സ്വീകരിക്കുന്നതായി കണ്ടില്ല.
- സ്ഥാപനത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. പാലിക്കുന്നില്ല. ഓഫീസ് സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ഹെഡ് ക്ലർക്ക് അവ പരിശോധിക്കുകയോ ചെയ്യുന്നില്ല.
- ധനസംബന്ധമായ ഇടപാടുകളിൽ ബന്ധപ്പെട്ട ക്ലർക്ക് കൃത്യമായി കുറിപ്പ് എഴുതുന്നില്ല. അഥവാ കുറിപ്പ് എഴുതുന്ന സംഗതിയിൽ ഹെഡ് ക്ലർക്ക് അത് പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തുകയോ സെക്രട്ടറി ഉത്തരവ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.
- ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്താതെയാണ് ചെക്ക്/ബിൽ എഴുതുന്നത്.
- സാമൂഹ്യക്ഷേമ പെൻഷനുകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.
- തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.
- ഫ്രണ്ട് ഓഫീസ് ഡയറി നിശ്ചിത മാതൃകയിലും ക്രമത്തിലും എഴുതി സൂക്ഷിക്കുന്നില്ല. സേവനം നൽകുന്നതിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.
- സൂചിക ബാക്ക് ഓഫീസ് പ്രവർത്തനം കാര്യക്ഷമമല്ല. സൂചിക സോഫ്റ്റ്‌വെയർ പ്രകാരം വർഷാന്ത്യത്തിൽ 1594 അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്നതായാണ് കാണുന്നത്.
- വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഇൻകുമ്പൻസി രജിസ്റ്റർ കൃത്യമായും കാലികമായും സൂക്ഷിച്ചിരുന്നില്ല
- കാഷ്വൽ ലീവ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.
- ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക സംബന്ധിച്ച ഫയലും രജിസ്റ്ററുകളും പൂർണ്ണമല്ല. വാടകക്കാർ എല്ലാവരും എഗ്രിമെന്റ് വെച്ചിട്ടില്ല. ശൂന്യമായ മുദ്രപ്പത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.
- സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഭാഗമായുള്ള എഗ്രിമെന്റുകളിൽ സെക്രട്ടറി ഒപ്പിടാതെയും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സംഗതിയിൽ ബന്ധപ്പെട്ട ഏജൻസിയുമായി മുദ്രപത്രത്തിൽ കരാറിലേർപ്പെടാതെയും കണ്ടു.
- എൽ.ഐ.സി., എൻ.പി.എസ്. എന്നിവയുടെ ഒടുക്ക് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
- വൗച്ചറുകളുടെ സൂക്ഷിപ്പിൽ അപാകമുണ്ട്. എല്ലാ പേയ്മെന്റ് വൗച്ചറുകളും സെക്രട്ടറി ഒപ്പിട്ട് ആധികാരികമാക്കിയിട്ടില്ല. ഇ.എം.ഡി. മടക്കി നൽകുമ്പോൾ രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല. വൗച്ചറുകൾക്കൊപ്പമുള്ള ബില്ലുകൾ ക്യാൻസൽ ചെയ്യുന്നില്ല.
- മൂവ്മെന്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.
- പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിച്ചിരുന്നില്ല. യാത്ര ചെയ്ത എല്ലാ വ്യക്തികളും ലോഗ്ബുക്കിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടു. ലോഗ് ബുക്കിൽ മാസാന്ത്യ ക്ലോസിംഗ് രേഖപ്പെടുത്തി ഇന്ധന ഉപഭോഗവും മൈലേജും നിരീക്ഷിച്ചിരുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2021 – 15.09.2021 | 4/2020-3/2021 | 24.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.08.2017 | 2012-13 മുതൽ 2016-17 വരെ | 18.09.2017 |

## 1-11 തനത് വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമതയില്ല

താരതമ്യേന തനതുവരുമാനം കുറഞ്ഞ ഗ്രാമപഞ്ചായത്തായിരുന്നിട്ടും പ്രധാനപ്പെട്ട വരുമാനമാർഗ്ഗങ്ങളിൽ നിന്നുള്ള തുക പോലും പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല. നികുതി-നികുതീതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്താത്തതുമൂലം വലിയ തുക കുടിശ്ശികയായി നിലനിൽക്കുന്നു. വിവിധ തനതുവരവുകളുടെ വാർഷികകണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|---|
| 1 | വസ്തുനികുതി - ഗാർഹികം (തൻവർഷം) | 2548526 | 2213531 | 86.85 |
| 2 | വസ്തുനികുതി – ഗാർഹികം (അരിയർ) | 860739 | 429466 | 49.89 |
| 3 | വസ്തുനികുതി – ഗാർഹികേതരം (തൻവർഷം) | 1206895 | 1027617 | 85.14 |
| 4 | വസ്തുനികുതി – ഗാർഹികേതരം (അരിയർ) | 1167744 | 160830 | 13.77 |
| 5 | വാടക | 739114 | 431881 | 58.43 |
| 6 | വാടക (അരിയർ) | 103418 | 36230 | 35.03 |
| 7 | തൊഴിൽ നികുതി (സ്ഥാപനം) | 351540 | 351540 | 100 |
| 8 | ലൈസൻസ് ഫീസ് | 199200 | 199200 | 100 |

ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയുടെ കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതുമൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല. വാടക പിരിവിൽ ഗുരുതരമായ അലംഭാവം ഉണ്ടായിട്ടുണ്ട്. വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാടക അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. വാടകക്കാരിൽ നിന്നു മുദ്രപ്പത്രം വാങ്ങി കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിൽ ബന്ധപ്പെട്ട കക്ഷികൾ ഒപ്പുവച്ച് ആധികാരികമാക്കിയിട്ടില്ല. തനതുവരവുകൾ പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാനമാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുന്നില്ല. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചടുക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് വലിയ വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | സ്ഥാപന തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധവർഷങ്ങൾ | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധവർഷങ്ങൾ |
|---|---|---|---|
| 1 | റേഷൻ കടകൾ | 1st & 2nd | 1st & 2nd |
| 2 | പ്രമാടം ക്ഷീരോത്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 3 | വകയാർ ക്ഷീരോത്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 4 | വി.കോട്ടയം ക്ഷീരോത്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 5 | ഇളകൊള്ളൂർ ക്ഷീരോത്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |

| | | | |
|---|---|---|---|
| 6 | കേരള ഗ്രാമീൺ ബാങ്ക്, വി.കോട്ടയം | 1st & 2nd | - |
| 7 | ജില്ലാ സഹകരണ ബാങ്ക്, മല്ലശ്ശേരി | 1st & 2nd | - |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്, മല്ലശ്ശേരി | 1st & 2nd | - |
| 9 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, മല്ലശ്ശേരി | 1st & 2nd | - |
| 10 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്, മല്ലശ്ശേരി | 1st & 2nd | - |
| 11 | എസ്.ബി.ഐ. മല്ലശ്ശേരി | 1st & 2nd | - |
| 12 | ജനതാ സർവ്വീസ് സഹകരണ ബാങ്ക്, വി.കോട്ടയം | 1st & 2nd | - |
| 13 | കാനറ ബാങ്ക്, പ്രമാടം | 1st & 2nd | - |
| 14 | വകയാർ സർവ്വീസ് സഹകരണ ബാങ്ക് | 1st & 2nd | - |
| 15 | റ്റി.വി.എസ്. | 1st & 2nd | - |
| 16 | പാറ ഖനനം (സജിത അൻവർ), 12/189-1-1 | - | 1st & 2nd |
| 17 | പാറഖനനം (രാജീവൻ), 12/175-1 | - | 1st & 2nd |
| 18 | ബി.സി. ഡീസൽ സർവ്വീസ്, 3/512 | - | 1st & 2nd |
| 19 | യൂണിയൻ റബ്ബർ മിൽസ്, 2/12-4 | - | 1st & 2nd |
| 20 | എ.ജെ. എന്റർപ്രൈസസ്, 18/644 | - | 1st & 2nd |
| 21 | ന്യൂ ബ്രദേഴ്സ് ഐസ് പ്ലാന്റ് , 2/494, 494A | - | 1st & 2nd |
| 22 | എം.ജി.എസ്. വുഡ്സ്, 1/230B | - | 1st & 2nd |
| 23 | ഓമൽ ഇൻഡസ്ട്രീസ്, 2/219B | - | 1st & 2nd |
| 24 | മണ്ണിൽ ഫ്യൂവൽസ്, 18/94B | - | 1st & 2nd |
| 25 | സിബി ഹോളോബ്രിക്സ്, 3/119 | - | 1st & 2nd |
| 26 | ഗ്യാലക്സി ഇൻഡസ്ട്രീസ്, 17/435A | - | 1st & 2nd |
| 27 | റോയൽ ഹോംസ് & ഫർണീച്ചർ, 19/328 | - | 1st & 2nd |
| 28 | സ്നോ വാഷ്, 8/325B | - | 1st & 2nd |
| 29 | എ.എസ്. സർജിക്കൽ ഐറ്റംസ്, 1/288E | - | 1st & 2nd |
| 30 | രുദ്രാ ആയുർവ്വേദ ക്ലിനിക്ക്, 2/525 | - | 1st & 2nd |
| 31 | കാദംമ്പരി ഫ്ലോർമിൽ, 6/1A | - | 1st & 2nd |
| 32 | അരസ് അക്വാ സിൽവർ, 1/287 | - | 1st & 2nd |
| 33 | ഭാരത് ഫർണിഷിംഗ് കമ്പനി, 4/178A | - | 1st & 2nd |
| 34 | ക്വാളിറ്റി എൻജിനീയറിംഗ്, 10/302 | - | 1st & 2nd |
| 35 | സെന്റ് ജോർജ്ജ് വുഡ് ഇൻഡസ്ട്രീസ്, 2/500 | - | 1st & 2nd |
| 36 | കൃഷ്ണ ഹോളോബ്രിക്സ്, 5/409 | - | 1st & 2nd |
| 37 | ഇൻഡ്രൂപിഡ് വർക്ക്സ് ലിമിറ്റഡ്, മെറിഡിയൻ മോട്ടോ, മല്ലശ്ശേരി, 2/500A,B,C,D | - | 1st & 2nd |

| | | | |
|---|---|---|---|
| 38 | ഉന്മുമ്പാട്ട് നഴ്സിംഗ് ഹോം | - | $2^{nd}$ |
| 39 | വഞ്ചിപ്പാറ ഏജൻസീസ് | - | $2^{nd}$ |
| 40 | അപരാജിത ഡൈനാമിക് സിനർജീസ് ലിമിറ്റഡ് | - | $2^{nd}$ |
| 41 | ഗോകുൽ കേറ്ററിംഗ് സർവ്വീസ്, പ്രമാടം | - | $2^{nd}$ |
| 42 | ശാസ്ത പാക്കേഴ്സ് & കണ്ടെയ്നേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | - | $2^{nd}$ |

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്ന് 2019-20 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ.നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | ജിതിൻ ജെ ചന്ദ്രൻ |
| 2 | സതീഷ് കുമാർ |
| 3 | പി.ജെ.കുര്യൻ |
| 4 | പ്രസാദ് സി.എസ്. |
| 5 | പ്രശാന്തകുമാർ |
| 6 | വി.സി.രാജു |
| 7 | കിഷോർ പി. ദിവാകർ |
| 8 | രാജശേഖരൻ നായർ |
| 9 | സിനിത്ത് വി. |
| 10 | ബി. ബാലചന്ദ്രൻ നായർ |
| 11 | സജി പി. ജോർജ്ജ് |
| 12 | പി.ഡി. പത്മകുമാർ |
| 13 | നിർമ്മല പ്രദീപ് |
| 14 | ജി. അനിൽകുമാർ |
| 15 | സലിം എം. |
| 16 | കെ. എസ്. പുരുഷോത്തമൻ |
| 17 | മനോജ് കുമാർ |
| 18 | സിബി ഡാനിയൽ |
| 19 | ജയകുമാർ ജെ. |
| 20 | ബബിലു റ്റോം സക്കറിയ |
| 21 | അസീസ് എം.എം. |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ

കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | റേഷൻ കടകൾ |
| 2 | പ്രമാടം ക്ഷീരോത്പാദക സഹകരണസംഘം |
| 3 | വകയാർ ക്ഷീരോത്പാദക സഹകരണസംഘം |
| 4 | വി.കോട്ടയം ക്ഷീരോത്പാദക സഹകരണസംഘം |
| 5 | ഇളകൊള്ളൂർ ക്ഷീരോത്പാദക സഹകരണസംഘം |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.19-ലെ (സി.എസ്.) എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു മൂലം ലൈസൻഡ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കൃത്യതയില്ല

കെ സദാനന്ദൻ, അമ്പാടിയിൽ ഗ്രാനൈറ്റ്സ് & എം. സാൻഡ് യൂണിറ്റ്, വി.കോട്ടയം എന്നയാളിൽ നിന്ന് സ്ഥാപനത്തിന്റെ ലൈസൻസ് ഫീയായി 5000 രൂപയും തൊഴിൽ നികുതിയായി 2500 രൂപയുമാണ് ഈടാക്കിയിട്ടുള്ളത്. പി.സി.ബി. സർട്ടിഫിക്കറ്റ് പ്രകാരം ടി സ്ഥാപനത്തിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 10.29 കോടി രൂപയാണ്. 31.10.2021- ലെ സ.ഉ. (അച്ചടി) നം.80/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളും പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസും പുതുക്കി നിശ്ചയിട്ടുണ്ട്. ആയത് പ്രകാരം 10 കോടി രൂപയിൽ കൂടുതൽ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റുള്ള മാനുഫാക്ച്ചറിംഗ് സെക്ടറിൽപ്പെട്ട സ്ഥാപനങ്ങൾ ലാർജ് എന്റർപ്രൈസസ് എന്ന വിഭാഗത്തിൽപ്പെടുന്നവയാണ്. അത്തരം സ്ഥാപനങ്ങളിൽ നിന്ന് 15000 രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാവുന്നതുമാണ്. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/21.01.2022), കുറവ് വന്ന ലൈസൻസ് ഫീസ് ടിയാനിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് കൃത്യമായി പരിശോധിച്ച് മാത്രം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും നടപടി സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - പഞ്ചായത്തിന് വരുമാനനഷ്ടം

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിടനമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തുനികുതി ചുമത്തേണ്ടതുമാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഭാഗങ്ങളായി തിരിച്ച് 100 ചതുരശ്രമീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തുനികുതി നിർണയിക്കുന്നതുമൂലം പഞ്ചായത്തിന് വലിയ തോതിലുള്ള വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

100 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 40 രൂപയും അതേ ഗണത്തിൽപ്പെട്ട 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ളവയുടേത് 50 രൂപയുമായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | കെട്ടിട നികുതി ഈടാക്കിയത് (5% ലൈബ്രറി സെസ്സും 37% സേവനനികുതിയും ഉൾപ്പെടെ) (40/m2 നിരക്കിൽ) | കെട്ടിട നികുതി ഈടാക്കേണ്ടിയിരുന്നത് (5% ലൈബ്രറി സെസ്സും 37% സേവനനികുതിയും ഉൾപ്പെടെ) (50/m2 നിരക്കിൽ) |
|---|---|---|---|---|
| ഷിബു മാത്യു, കോന്നൂർ | 2/52A | 41.15 | 2807 | 3506 |

| | | | | |
|---|---|---|---|---|
| | | | | |
| ഹൗസ്, വകയാർ | 2/52B | 21.9 | 1495 | 1866 |
| | 2/52C | 20.8 | 1419 | 1772 |
| | 2/52D | 31.15 | 2125 | 2654 |
| | 2/52E | 41.15 | 2667 | 3331 |
| ആകെ | | 156.15 | 10513 | 13129 |
| വരുമാന നഷ്ടം | 2616 | | | |
| സെക്രട്ടറി, എസ്.എൻ.ഡി.പി. ബ്രാഞ്ച് നം.36, പ്രമാടം മല്ലശ്ശേരി | 1/622A | 23.64 | 1612 | 2014 |
| | 1/622B | 23.64 | 1612 | 2014 |
| | 1/622C | 23.64 | 1612 | 2014 |
| | 1/622D | 23.64 | 1612 | 2014 |
| | 1/622E | 23.64 | 1612 | 2014 |
| | 1/622F | 23.64 | 1612 | 2014 |
| | 1/622G | 23.64 | 1612 | 2014 |
| | 1/622I | 88.64 | 6043 | 7552 |
| | 1/622J | 83.38 | 5686 | 7104 |
| ആകെ | | 337.5 | 23013 | 28754 |
| വരുമാന നഷ്ടം | 5741 | | | |

വസ്തുനികുതി നിർണയിച്ചതിലെ അപാകം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/29.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ച എല്ലാ അസ്സസ്സ്മെന്റുകളും പരിശോധിച്ച് കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 ആട് വളർത്തൽ പദ്ധതികൾ - വ്യത്യസ്ത നിരക്കിൽ ആടുകളെ വാങ്ങി

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ ആടുവളർത്തൽ പദ്ധതികൾക്കായി വികസനഫണ്ടിൽ നിന്ന് തുക വകയിരുത്തി ജനറൽ, എസ്സ് സി പി, റ്റി എസ്സ് പി വിഭാഗങ്ങളിലായി പ്രോജക്ടുകൾ നടപ്പിലാക്കിയിരുന്നു. മൂന്നു പ്രോജക്ടുകളുടേയും ഭാഗമായി പൊതു, എസ്സ്.സി.പി, റ്റി.എസ്സ്.പി ഗുണഭോക്തൃസമിതികൾ യോഗം ചേർന്ന് ശ്രീ ജോസഫ് ജോസ്, ഒരപ്പു കുഴിയിൽ, ആലപ്ര എന്നയാളുടെ ഫാമിൽ നിന്ന് ആടുകളെ വാങ്ങുന്നതിനാണ് തീരുമാനമെടുത്തത്. എന്നാൽ മൂന്നു പ്രോജക്ടുകളിലും വ്യത്യസ്ത നിരക്കിലാണ് ആടുകളെ വാങ്ങിയിട്ടുള്ളത്. പൊതു വിഭാഗം, എസ്സ്.സി.പി, റ്റി.എസ്സ്.പി എന്നീ വിഭാഗങ്ങൾക്കായി യഥാക്രമം 6000, 7000, 8000 രൂപയ്ക്കാണ് ആടുകളെ വാങ്ങിയിട്ടുള്ളത് . പ്രസ്തുത പദ്ധതികൾക്ക് ഒരേ നിരക്കിൽ ആടുകളെ വാങ്ങുന്നതിന് പകരം വിഭാഗത്തിനെ അടിസ്ഥാനമാക്കി ആടിന്റെ വില നിശ്ചയിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഗുണഭോക്തൃ സമിതി തീരുമാനമെടുത്ത തീയതി | ഒരു പെണ്ണാടിന് വാങ്ങിയ വില | വാങ്ങിയ ആടുകളുടെ എണ്ണം | ആകെ പ്രോജക്ട് ചെലവ് | ചെലവഴിച്ച തുക പദ്ധതി വിഹിതം | 6000 രൂപ നിരക്കിൽ ആടുകളെ വാങ്ങിയിരുന്നെങ്കിൽ ഉണ്ടാകുന്ന ചെലവ് | വ്യത്യസ്ത നിരക്കിൽ വാങ്ങിയതു മൂലം പദ്ധതി വിഹിതത്തിൽ നിന്നുള്ള അധികച്ചെലവ് |
|---|---|---|---|---|---|---|---|
| എസ്സ് സി പി (പ്രോ.നം.12/2019-20) | 22.08.2019 | 7000 | 20 | 140000* | 105000(75%) | 90000(75%) | 15000 |
| റ്റി എസ്സ് പി പ്രോ.നം.283/2019-20) | 22.08.2019 | 8000 | 6 | 48000** | 48000(100%) | 36000(100%) | 12000 |
| ആകെ | | | | | | | 27000 |

*തുക ബിൽ നമ്പർ/തീയതി

10500 13000797480/09.11.2019

42000 13000762582/31.10.2019

52500 1300904581/05.12.2019

** ബിൽ നമ്പർ 13000762586/31.10.2019

ഗുണഭോക്തൃസമിതിയുടെ കൺവീനർ വെറ്ററിനറി സർജൻ ആണെന്നിരിക്കേ വ്യത്യസ്തനിരക്കിൽ ആടുകളെ വാങ്ങിയത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് 29.01.2022 ലെ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് ജനറൽ വിഭാഗത്തിൽ അനുവദിച്ച വികസനഫണ്ട് ഉപയോഗിച്ച് പരമാവധി ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയതെന്ന അവ്യക്തമായ മറുപടിയാണ് ലഭ്യമാക്കിയത്. വികസനഫണ്ടിൽ നിന്ന് അധികം ചെലവഴിച്ച 27000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രണ്ട് മാസത്തിനകം തുക തിരിച്ചടയ്ക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിക്കുന്നതും തുക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 1-18 സ്മാർട്ട് ക്ളാസ്സ് റൂം പദ്ധതി - ആവശ്യാധിഷ്ഠിതമല്ലാതെ വാങ്ങലുകൾ നടത്തി

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി ജി.എൽ പി എസ്സ്, മല്ലശ്ശേരി, ജി എൽ പി എസ്സ് തെങ്ങും കാവ് എന്നീ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിന് നടപ്പിലാക്കിയ സ്മാർട്ട് ക്ളാസ്സ് റൂം (പ്രോ.നം.216/2019-20) എന്ന പദ്ധതിക്കായി 445700 രൂപ ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിൽ പല ഉപകരണങ്ങളും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അവഗണിച്ച് വാങ്ങിയവയാണ്. ഇവയാകട്ടെ നിലവിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയും ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് സ.ഉ.(സാധാ) നം.97/2018 /പൊ.വി.വ. തീയതി : 06.01.18 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കപ്പെട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, വില്പനാനന്തര സേവനവ്യവസ്ഥകൾ എന്നിവ ടെൻഡർ നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നില്ല. തന്മൂലം ടെൻഡറിൽ പങ്കെടുത്തവർ സ്പെസിഫിക്കേഷൻ പരിഗണിക്കാതെ വിലയുടെ അടിസ്ഥാനത്തിൽ മാത്രമുള്ള ടെൻഡറുകളാണ് സമർപ്പിച്ചത്.

2. ലാപ്പ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, വൈറ്റ് ബോർഡ്, യു.എസ്.ബി.സ്പീക്കർ, ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ എന്നിവയാണ് സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഉപകരണങ്ങൾ. എന്നാൽ ഐ.സി.ടി. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്തതും സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമില്ലാത്തതുമായ പോഡിയം, സാധാരണ വൈറ്റ് ബോർഡിനു പകരം ഇന്ററാക്ടീവ് വൈറ്റ് ബോർഡ് ഇവ പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുണ്ട്.

3. സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഉപകരണങ്ങൾ ഓരോന്നിനും ചെലവഴിക്കാവുന്ന പരമാവധി തുക, വില്പനാന്തര സേവനവ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് 06.01.18 ലെ 97/2018/പൊ.വി.വ. (സാധാ) നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ, കെ.എം.ടെക്നോളജീസ്, വടവാതൂർ, കോട്ടയം എന്ന സ്ഥാപനത്തിൽനിന്നും വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വാങ്ങിയ വില | സർക്കാർ നിശ്ചയിച്ച നിരക്ക് | റിമാർക്സ് |
|---|---|---|---|---|
| 1 | Projector | 24609 | 23860 | |
| 2 | Ceilng Mount | 5508 | 4900 | |
| 3 | Projector Screen | 3389 | 2200 | |
| 4 | Speaker | 847 | 770 | |
| 5 | Interactive Board | 19491 | 0 | സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 6 | Air Conditioner | 33086 | 0 | |
| 8 | Stabilizer | 2966 | 0 | |
| 9 | Digital Podium | 23729 | 0 | |

4. ഇൻസ്റ്റലേഷൻ ചാർജായി 22033 രൂപ (11016.50x2) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച നിരക്കിൽ ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള വിലയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇൻസ്റ്റലേഷന് പ്രത്യേക നിരക്ക് ഈടാക്കാൻ പാടില്ലായെന്ന് ഉത്തരവിൽ നിഷ്കർച്ചിട്ടുണ്ട്.

5. എല്ലാ ഉപകരണങ്ങൾക്കും 5 വർഷത്തെ ഓൺസൈറ്റ് വാറന്റി ലഭ്യമാക്കണമെന്ന സർക്കാർ നിർദ്ദേശം

പാലിക്കപ്പെട്ടിട്ടില്ല.

6. ഹാർഡ്‌വെയർ സംബന്ധിച്ച പരാതികൾ വിതരണക്കാർ 2 പ്രവൃത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും പരമാവധി 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണെന്നും അല്ലാത്തപക്ഷം പ്രതിദിനം 100 രൂപ നിരക്കിൽ, ഉപകരണത്തിന്റെ വിലയുടെ പരമാവധി 10% എന്ന നിലയിൽ പിഴ ഈടാക്കേണ്ടതുമാണെന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ടി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. വാങ്ങിയ ഉപകരണങ്ങൾ ജി.എൽ പി എസ്സ്, മല്ലശ്ശേരി, ജി എൽ പി എസ്സ് തെങ്ങും കാവ് എന്നീ സ്കൂളുകൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതിൽ തെങ്ങുംകാവ് ജി എൽ പി സ്കൂളിന് നൽകിയിട്ടുള്ള ഉപകരണങ്ങൾ സ്മാർട്ട് ക്ലാസ്സ് റൂമിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെ വാങ്ങിയതുമൂലം ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നും, സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള മുറി സീലിംഗ് പൊളിഞ്ഞു തൂങ്ങി ഉപകരണങ്ങൾ സ്ഥാപിക്കാൻ കഴിയാത്ത നിലയിലുമാണ് എന്നും ഭൗതിക പരിശോധനയിൽ വ്യക്തമായി.



മതിയായ ഭൗതികസാഹചര്യങ്ങൾ ഒരുക്കി സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്മാർട്ട് ക്ലാസ്സ്‌റൂമിന് ആവശ്യമില്ലാത്തതായി വാങ്ങിയ ഡിജിറ്റൽ പോഡിയം കൈമാറിക്കിട്ടിയ മറ്റ് സ്ഥാപനങ്ങൾക്ക് നൽകി ഉപയോഗപ്രദമാക്കേണ്ടതുമാണ്. അതുവരെ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ ഉപകരണങ്ങൾക്കായി ചെലവഴിച്ച 90289 (79272 + 11017) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം വാങ്ങലുകൾ നടത്തുന്നതിന് കർശന നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകങ്ങളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/01.02.22) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

ചെലവ് വിവരം :

ബിൽ നമ്പർ / തുക

1. 3600034337/ 17.04.2019 – 68000/-
2. 36000189971/01.06.2019 – 295000/-
3. 3600034336/17.04.2019 – 60666/-
4. 360101471/30.12.2019 – 22034/-

## 1-19 പട്ടികജാതി വികസനഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

പട്ടികജാതി വികസന ഫണ്ടിൽ നിന്ന് 83700 രൂപ എസ് സി വിഭാഗക്കാർക്ക് മരുന്നു വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്(പ്രോജക്ട് നമ്പർ 375/2019-20). പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തലസൗകര്യ വികസനം എന്നിവ കൈവരിക്കുകയാകണം പട്ടികജാതി ഉപപദ്ധതിയുടെ ലക്ഷ്യം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി മരുന്നു വാങ്ങുന്നതിന് എസ്.സി.പി ഫണ്ട് ചെലവഴിച്ചത് ക്രമമല്ല. ആയതിനാൽ വരും വർഷങ്ങളിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾക്ക് എസ്.സി.പി. ഫണ്ട് വകയിരുത്താതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 അക്രഡറ്റിഡ് ഏജൻസി മുഖേന നിർമ്മാണപ്രവൃത്തി - നടപടിക്രമങ്ങൾ പാലിച്ചില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി മുഖേന രണ്ട് അങ്കണവാടികൾക്ക് അനുബന്ധ നിർമ്മാണപ്രവൃത്തികൾ ചെയ്യുന്നതിന് വികസനഫണ്ട്,മെയിന്റനൻസ് ഗ്രാന്റ്, തനതുഫണ്ട് എന്നിവ വകയിരുത്തി വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി

മുഖേന നിർമ്മാണപ്രവൃത്തികൾ ചെയ്യുമ്പോൾ അനുവർത്തിക്കേണ്ട നിബന്ധനകൾ പാലിക്കാതെയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിരിക്കുന്നത്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (2018-19) |
|---|---|---|
| 1 | 78ാം നമ്പർ അങ്കണവാടി – ചുറ്റുമതിൽ, കിണർ നിർമ്മിക്കൽ, ഇന്റർലോക്ക് പാകൽ(225/20) | 100000 (അഡ്വാൻസ് 2019-20)<br>217580 (വികസന ഫണ്ട്)<br>74270 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>156150 (മെയിന്റനൻസ് ഗ്രാന്റ്)<br>ആകെ 548000 |
| 2 | എഴുമൺ 65-ാം നമ്പർ അങ്കണവാടി – സംരക്ഷണ ഭിത്തി, അനുബന്ധജോലികൾ, ഇന്റർലോക്ക് പാകൽ | 2018-19<br>100000 (അഡ്വാൻസ് 2019-20)<br>285545 (തനത് ഫണ്ട്)<br>314426<br>699971 |
| | | 1247971 |

ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ :

1) മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടുന്ന ഈ പ്രോജക്ട് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയത് ക്രമവിരുദ്ധമാണ്. നിർവ്വഹണോദ്യോഗസ്ഥന്റെ അംഗീകാരം മാത്രം ആവശ്യമുള്ള കാറ്റഗറി 2 പ്രോജക്ട് ആയിട്ടാണ് ഇത് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ടിൽ നിർമ്മാണപ്രവൃത്തി ഇല്ലെന്നും സാങ്കേതികാനുമതി ആവശ്യമില്ലെന്നും പ്രോജക്ട് പ്രൊഫോർമയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. മേലുദ്യോഗസ്ഥന്റെ അംഗീകാരവും സാങ്കേതികാനുമതിയും ആവശ്യമായ കാറ്റഗറി 4 പ്രോജക്ടായി വേണമായിരുന്നു ഈ പ്രോജക്ട് ആവിഷ്കരിക്കേണ്ടിയിരുന്നത്. സാങ്കേതികാനുമതി വാങ്ങാതെ പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല. എൻജിനീയറിംഗ് വിഭാഗത്തിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്ന് സാങ്കേതികാനുമതി വാങ്ങി വേണം ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതെന്ന് ജി.ഒ (പി) 95/2017/ഫിൻ തീ.25/07/2017 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2) നിർമ്മാണ വേളയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് അനുയോജ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി അക്രഡിറ്റഡ് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവ് ഒബ്സർവേഷൻ കാലയളവായിരിക്കുമെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടിയിരുന്നു. ആകെ പ്രവൃത്തി മൂല്യത്തിന്റെ 5% തുക പെർഫോമൻസ് ഗ്യാരണ്ടിയായി സൂക്ഷിക്കേണ്ടതും ഒബ്സർവേഷൻ പീരിയഡ് വിജയകരമായി പൂർത്തീകരിച്ചതിന് ശേഷം മാത്രം തിരികെ നൽകേണ്ടതുമാണ്. പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കാതെയാണ് ഫൈനൽ പേയ്മെന്റ് നൽകിയിരിക്കുന്നത്.

3) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01/08/18-ലെ എ.സി.3/163/2017/ത.സ്വ.ഭ.വ നമ്പർ സർക്കുലർ അനുസരിച്ച് അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന നിർമ്മാണപ്രവൃത്തികളുടെ സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശ ഭരണ എൻജിനീയറിംഗ് വിഭാഗം മുഖേന ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. കോ-ഓർഡിനേഷൻ സമിതിയുടെ 6/6/18-ലെ തീരുമാനം നമ്പർ 4.26 പ്രകാരമാണ് ഈ സർക്കുലർ പുറപ്പെടുവിച്ചത്. സാങ്കേതിക പരിജ്ഞാനമില്ലാത്ത സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിച്ചിട്ടും ടി സർക്കുലർ പ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/22.01.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകളിന്മേൽ അടിയന്തര വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 അങ്കണവാടി നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വലഞ്ചുഴി വഞ്ചിപ്പടി 49-ാം നമ്പർ അങ്കണവാടി നിർമ്മിക്കുന്നതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ്. സ്റ്റേറ്റ് മിഷന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ അങ്കണവാടി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നൽകിയ തുക | ചെക്ക് നം/തീയതി |
|---|---|
| 100000 | 5279654/30.03.2020 |
| 500000 | 5279656/30.03.2020 |

ഗ്രാമീണ മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതും ഉത്പാദനപരമായ ആസ്തികളുടെ നിർമ്മാണവും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഒരു പ്രത്യക്ഷ ലക്ഷ്യമാണ്. ഇതിലേക്കായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സാമൂഹ്യനീതി വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികളുമായി സംയോജിപ്പിച്ച് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതിയിൽ 5 ലക്ഷം രൂപ വരെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതമായും അതിലധികം ആവശ്യമായി വരുന്ന തുകയിൽ 2 ലക്ഷം രൂപ വരെ സാമൂഹ്യനീതി വകുപ്പിന്റെ വിഹിതമായും കൂടുതൽ തുക ആവശ്യമായി വരുന്ന പക്ഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതമായും സ.ഉ (സാധാ.) നം.118/2017/ത.സ്വ.ഭ.വ തീ.12/01/2016, സ.ഉ (സാധാ.) നം.223/2017/ത.സ്വ.ഭ.വ തീ.27/01/2017 ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കോന്നി ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ 5 ലക്ഷം രൂപയും തനതുഫണ്ടിൽ നിന്ന് 1 ലക്ഷം രൂപയും ഉൾപ്പടെ 6 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് മിഷന് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ഉൾപ്പടെയുള്ള രേഖകളൊന്നും പ്രോജക്ട് ഫയലിലില്ല. 2019-20 വർഷത്തെ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ ഏറ്റെടുത്ത ഈ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ടി നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ, നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/22.01.2022) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ നിർമ്മാണപ്രവൃത്തികൾ നിർത്തിവയ്ക്കേണ്ടതായി വന്നുവെന്ന് അറിയിച്ചിട്ടുണ്ട്. അങ്കണവാടി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 സാമൂഹ്യനീതി വകുപ്പിന് 11.68 ലക്ഷം രൂപ കൈമാറിയില്ല

ജി.ഒ(ആർ.ടി) 2772/2019/ഫിൻ തീയതി 03/04/2019, ജി.ഒ (ആർ.ടി) 6105/2019/ഫിൻ തീയതി 01.08.2019, ജി.ഒ (ആർ.ടി) 10050/2019/ഫിൻ തീയതി 21/12/2019 എന്നീ ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി തൊഴിലാളികളുടേയും സഹായികളുടേയും 4 മാസത്തെ പ്രതിഫലതുകയായ 584000 രൂപ വീതം 2019-20 വർഷത്തെ വികസനഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കളിൽ നിന്ന് സാമൂഹ്യനീതി വകുപ്പിന്റെ Deduct Head-ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം 2019-20 വർഷത്തെ അങ്കണവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫലതുക ഇനത്തിൽ സാമൂഹ്യനീതി വകുപ്പിന് നൽകേണ്ട 1752000 രൂപയിൽ 584000 രൂപ മാത്രമാണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്.

2018-19 വർഷത്തെ അങ്കണവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫലതുകയായ 1752000 രൂപ ഗ്രാമപഞ്ചായത്ത് സാമൂഹ്യനീതി വകുപ്പിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകാത്തത് അക്കൗണ്ടന്റ് ജനറൽ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിനുള്ള 2019-20 വർഷത്തെ മൂന്നാംഗഡു അലോട്ട്മെന്റിൽ നിന്നും ഈ തുക കുറവ് ചെയ്തിരുന്നു. ഈ ചെലവ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ജി.ഒ പ്രോജക്ട് ആയി (358/2020) സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷം അങ്കണവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫലതുക നൽകുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും 584000 രൂപ മാത്രമാണ് വകയിരുത്തി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്.

മേൽ സൂചിപ്പിച്ച ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിനു ശേഷം മാത്രമേ അലോട്ട്മെന്റ് പ്രകാരം അനുവദിച്ചതിൽ അവശേഷിക്കുന്ന വികസനഫണ്ട് പിൻവലിക്കുന്നതിന് പ്രാദേശിക സർക്കാരുകളെ അനുവദിക്കുകയുള്ളൂ എന്നും ആയതിന് തുക റ്റി.സി. ചെയ്തുവെന്ന സാക്ഷ്യപത്രം ഡി.ഡി.ഒ മാർ ബില്ലിനോടൊപ്പം ഹാജരാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. അവശേഷിക്കുന്ന വികസനഫണ്ട് പിൻവലിച്ചിട്ടുള്ളതിനാൽ ഇപ്രകാരമുള്ള സാക്ഷ്യപത്രം ബില്ലിനോടൊപ്പം ട്രഷറിയിൽ സമർപ്പിച്ചുവെന്ന് വ്യക്തമാണ്. എന്നാൽ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ല. സർക്കാരിന്റെ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22.01.22) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ വകുപ്പുതലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 1-23 പ്രളയബാധിതർക്ക് ജീവനോപാധിക്കായി ലഭിച്ച 52.63 ലക്ഷം രൂപ വകമാറ്റി

2018 ലെ മഹാപ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ 12/12/2019-ലെ സ.ഉ (സാധാ.) 9823/2019/ധന ഉത്തരവ് അനുസരിച്ച് പൊതുവിഭാഗം വിഹിതമായി 3283000 രൂപയും പട്ടികജാതി ഉപപദ്ധതി വിഹിതമായി 1800000 രൂപയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതമായി 180000 രൂപയും അനുവദിച്ചിരുന്നു. പ്രകൃതി ദുരന്തത്താൽ ജീവനോപാധി നഷ്ടമായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഈ തുക അനുവദിച്ചത് എന്ന് 23.12.2019-ലെ സ.ഉ(സാധാ.)170/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷി, മൃഗസംരക്ഷണം എന്നിവ മുഖ്യതൊഴിലായിട്ടുള്ള നിരവധി ആളുകളുണ്ടായിരുന്നുവെങ്കിലും ജീവനോപാധി പരിപാടികൾ നടപ്പാക്കുന്നതിന് പ്രോജക്ടുകൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചില്ല. പകരം ഈ തുക പശ്ചാത്തലമേഖലയിലെ പ്രോജക്ടുകൾക്കായി വകയിരുത്തി. എസ്.സി.പി / റ്റി.എസ്.പി വിഭാഗങ്ങൾക്ക് ലഭ്യമായ തുകയും സംരക്ഷണ ഭിത്തി / റോഡ് കോൺക്രീറ്റിംഗിനാണ് വകയിരുത്തിയത്. ആകെ ലഭ്യമായ 5263000 രൂപയിൽ 429424 രൂപ മാത്രമാണ് 2019-20 വർഷം ചെലവഴിക്കുവാൻ സാധിച്ചത്. പ്രകൃതി ദുരന്തത്തിൽ ജീവനോപാധി നഷ്ടമായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് ആവശ്യമായ ജീവനോപാധി പരിപാടികൾ നടപ്പിലാക്കാൻ അനുവദിച്ച തുക മരാമത്ത് പ്രവൃത്തികൾക്കായി വകമാറ്റിയത് ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-24 കുടിവെള്ള വിതരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച

കുടിവെള്ളക്ഷാമം രൂക്ഷമായ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി തനതുഫണ്ടിൽ നിന്ന് 405000 രൂപ (വൗച്ചർ നം. 21900090 തീയതി 08.05.19-49500, വൗച്ചർ നം. 21900165 തീയതി 04.06.19-249000, വൗച്ചർ നം. 21900238 തീയതി 12.07.19-106500) ചെലവഴിച്ചിട്ടുണ്ട്. ദുരന്തനിവാരണ വകുപ്പ് പുറപ്പെടുവിച്ച 23/02/2017-ലെ ജി.ഒ(എം.എസ്)787/17/ഡി.എം.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടല്ല കുടിവെള്ളവിതരണം നടത്തിയിരിക്കുന്നത്. തനതുഫണ്ട് വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതു പ്രകാരം ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02/03/2019-ലെ ജി.ഒ (എം.എസ്) 500/2019/02.03.2019 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കുടിവെള്ളവിതരണം നടത്തിയിരിക്കുന്നത്. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച ടാങ്കറുകളിൽ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി ജനങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് ആവശ്യത്തിനനുസൃതമായി കുടിവെള്ള വിതരണം നടത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല. ജി.പി.എസ്. ലോഗും ട്രിപ്പ് ഷീറ്റും ഒത്തുനോക്കി ജി.പി.എസ്. ലോഗിൽ നിന്ന് കിലോമീറ്റർ നിർണ്ണയിച്ച് ട്രിപ്പ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതിന് ശേഷമായിരിക്കണം തുക നൽകേണ്ടതെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജി.പി.എസ്. ഘടിപ്പിക്കാത്ത വാഹനത്തിലാണ് കുടിവെള്ളവിതരണം നടത്തിയിരിക്കുന്നത്

2) വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽ നിന്നോ വാട്ടർ അതോറിറ്റി അംഗീകരിച്ച സ്വകാര്യ ശുദ്ധജല സ്രോതസ്സിൽ നിന്നോ വിതരണത്തിനാവശ്യമായ ജലം എടുത്തത് സംബന്ധിച്ച രേഖകളില്ല. വിതരണം ചെയ്ത ജലം കുടിക്കുവാൻ യോഗ്യമാണോ എന്നത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

3) കുടിവെള്ള വിതരണം ചെയ്യേണ്ട സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് നിശ്ചയിച്ചത് സംബന്ധിച്ച രേഖകളില്ല. ജലവിതരണം ചെയ്തത് സംബന്ധിച്ച് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) കുടിവെള്ളവിതരണം ചെയ്യുന്നതിന് കരാർ ഏറ്റെടുത്തത് മനോഹരൻ നായർ എന്നയാളാണ്. ടിയാൾ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒടുക്കിയതിന്റെ രേഖകളില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (4/17.01.2022) ജി.പി.എസ്. സംവിധാനം ഘടിപ്പിക്കണമെന്ന് കരാറുകാരനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആയതിന് തയ്യാറായില്ലെന്നും കുടിവെള്ള വിതരണം നിർത്തിവയ്ക്കുവാൻ പറ്റാത്ത സാഹചര്യമായതിനാൽ ട്രിപ്പ്ഷീറ്റ് പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണുണ്ടായതെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും സുതാര്യവും കാര്യക്ഷമവുമായി കുടിവെള്ള വിതരണം നടത്തുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-25 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്- സമയബന്ധിത തുടർനടപടികൾ അനിവാര്യം

ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. 2019-20 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2579641 രൂപ ചെലവഴിച്ചിട്ടുണ്ട്. മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടും സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജിൽ കുറവുണ്ടായിട്ടില്ല. കെ.എസ്.ഇ.ബി വകയാർ, കോന്നി, കൈപ്പട്ടൂർ, കുമ്പഴ സെക്ഷനുകളുടെ പരിധിയിൽ യഥാക്രമം 32, 6, 4, 23 എണ്ണം സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകൾക്ക് പ്രത്യേക

കൺസ്യൂമർ നമ്പർ നൽകി ആയതനുസരിച്ചും കുമ്പഴ സെക്ഷനിൽ നിന്ന് അൺമീറ്റേർഡ് ലൈറ്റിന് പ്രത്യേകമായും ആണ് വൈദ്യുതി ചാർജ് നിർണ്ണയിച്ചിരിക്കുന്നത്. കുമ്പഴ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ള 12/2019-ലെ ഡിമാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| 23 സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റുകളുടെ ആകെ കറന്റ് ചാർജ് | 58403 |
| അൺമീറ്റേർഡ് ലൈറ്റ് | 113918 |
| ആകെ | 172321 |

ഗ്രാമപഞ്ചായത്ത് ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾ ഉൾപ്പെടുത്തി അൺമീറ്റേർഡ് ലൈറ്റിന്റെ നിരക്ക് ഈടാക്കുന്നത് മൂലം ലക്ഷങ്ങളുടെ നഷ്ടം പ്രതിവർഷം ഉണ്ടാകുന്നുണ്ടെന്ന് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഇതിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 05/05/2021-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തപരിശോധന നടത്തിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സ്ട്രീറ്റ് മെയിൻ പൂർത്തീകരണത്തിനായി 2021-22 വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെന്നും അറിയിച്ചു. 2020-21 വർഷം സ്ട്രീറ്റ് ലൈറ്റുകളുടെ പ്രതിവർഷ വൈദ്യുത ചാർജ് 2993583 രൂപയായി ഉയർന്നിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകൾ ഭൂരിഭാഗവും എൽ.ഇ.ഡി. ആക്കി മാറ്റിയിട്ടും വൈദ്യുത ചാർജ് കുറയ്ക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കണം

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 185 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 80938 രൂപയാണ് പ്രതിമാസം ഒടുക്ക് വരുത്തുന്നത്. 971256 രൂപ പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടിരുന്നില്ല. ലഭ്യമായ കണക്കുകൾ പ്രകാരം 22 ചെറുകിട കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഈ പദ്ധതികളുടെ ഭാഗമായും ജലജീവൻ പദ്ധതിയുടെ ഭാഗമായും ഹൗസ് കണക്ഷനുകൾ നൽകിയിട്ടുണ്ടെങ്കിലും ഇവിടങ്ങളിലുള്ള പൊതുടാപ്പുകൾ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിരുന്നില്ല. സംയുക്തപരിശോധന നടത്തി ജലലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (നം. 7/2019-20) വാർഡുമെമ്പർമാർ ബന്ധപ്പെട്ട വാർഡുകളിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം എടുത്തതുപ്രകാരം 90 ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. 27/01/2022 മുതൽ സംയുക്തപരിശോധന ആരംഭിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ അധിക സാമ്പത്തികബാധ്യത ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 പശ്ചാത്തലമേഖലയിൽ ഫലക്ഷമതയില്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു

പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം പശ്ചാത്തലമേഖലയിൽ ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. 2019-20-ൽ 217 മരാമത്ത് പ്രവൃത്തികളായിരുന്നു വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ 22 പ്രവൃത്തികൾ മാത്രമായിരുന്നു അഞ്ചുലക്ഷത്തിനുമേൽ അടങ്കലുണ്ടായിരുന്നത്. ഭൂരിപക്ഷം പ്രവൃത്തികളും 100 മീറ്ററിൽ താഴെ നീളം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളവയായിരുന്നു. പ്രോജക്ടുകളുടെ എണ്ണം വർദ്ധിച്ചത് പ്രജക്ടുകളുടെ സമയബന്ധിതമായ നിർവ്വഹണത്തേയും ബാധിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം 134 പ്രവൃത്തികൾ നടപ്പിലാക്കാതെ ഇവയ്ക്ക് വകയിരുത്തിയ തുക ലാപ്സാക്കി. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ പാടില്ലെന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് പശ്ചാത്തലമേഖലയിലെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വികസന ആസൂത്രണമല്ല. അങ്ങനെ ചെയ്യുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. ആയതിനാൽ തദ്ദേശഭരണസ്ഥാപനത്തെ മൊത്തത്തിൽ ഒരു ആസൂത്രണ യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് വാർഷികപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മാന്വൽ ടെണ്ടർ - കരാറുകാർ മത്സരം ഒഴിവാക്കുന്നു

പശ്ചാത്തലമേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവായി. അഞ്ച് ലക്ഷത്തിൽ കുറവ് അടങ്കലുള്ള എല്ലാ പ്രവൃത്തികളും മാന്വൽ ടെണ്ടർ ക്ഷണിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. നിരവധി കരാറുകാർ ടെണ്ടർ ഫാറം വാങ്ങുകയും ഇവരിൽ ഏതെങ്കിലും രണ്ട് കരാറുകാർ മാത്രം ടെണ്ടർ സമർപ്പിക്കുകയും ചെയ്യുന്ന പ്രവണതയാണ് 2019-20-ലെ മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ കാണാൻ കഴിഞ്ഞത്. 2019-20 വർഷം മാന്വൽ ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കിയിട്ടുള്ള എല്ലാ പ്രവൃത്തികൾക്കും പരമാവധി രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ലഭിച്ച ടെണ്ടറുകളുടെ കാര്യത്തിലാകട്ടെ മത്സരസ്വഭാവം തീരെയില്ല. എസ്റ്റിമേറ്റ് നിരക്കോ ദശാംശ കണക്കിന് കുറഞ്ഞ നിരക്കിലോ ആണ് എല്ലാ പ്രവൃത്തികളും കരാർ നൽകിയത്. മാന്വൽ ടെണ്ടറുകളുടെ കാര്യത്തിൽ കരാറുകാർ പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ടെണ്ടറുകളുടെ മത്സരസ്വഭാവം അട്ടിമറിക്കുന്നുവെന്നാണ് പരിശോധനയിൽ സ്പഷ്ടമായിട്ടുള്ളത്.

ഇ-ടെണ്ടർ ക്ഷണിക്കുന്നതിലൂടെ മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനും അതിലൂടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലക്ഷക്കണക്കിന് രൂപ പഞ്ചായത്തിന് ലഭിക്കുന്നതിനും കഴിയുന്നതാണ്. എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കുന്നത് ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പരിഹാരനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കാതെ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു

2019-20, 2020-21 സാമ്പത്തികവർഷങ്ങളിൽ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിലും 12% തുക ജി.എസ്.റ്റി. കോമ്പൻസേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാറുകാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സ.ഉ (അച്ചടി) നം: 87/2017/തസ്വഭവ, 01.11.2017 നമ്പർ ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. കൂടാതെ 29.09.18 തീയതിയിലെ സ.ഉ. (സാധാ) നം: 2532/2018/തസ്വഭവ, നമ്പർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. സെൽഫ് ഡിക്ലറേഷന്റെ മാതൃകയും ഈ ഉത്തരവിനോടൊപ്പം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും മേൽപ്പറഞ്ഞ പ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സെൽഫ് ഡിക്ലറേഷൻ ഫോറവും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകം പരിഹരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 എൽ.പി.എസ്. നവീകരണം- പൊളിച്ചുമാറ്റിയ മര ഉരുപ്പടികളും, ഓടും ലേലം ചെയ്തില്ല

| | |
|---|---|
| കരാറുകാരന്റെ പേര് | ശ്രീ കിഷോർ പി. ദേവദാസ് |
| എം.ബുക്ക് നം. | 72/2019-20 |
| അടങ്കൽ | ₹410000 |
| ആകെ ചെലവ് | ₹410000 |
| ബിൽ നം., തീ. | 296038/24.06.20 |

2019-20-ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തെങ്ങുംകാവ് എൽ.പി.എസ്. നവീകരിക്കുന്നതിന് തനതുഫണ്ടിൽനിന്ന് 410000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഇനം.1 പ്രകാരം സ്കൂളിന്റെ മേൽക്കൂരയിലെ ഓട് പൊളിച്ചുമാറ്റുന്നതിന് ചുവടെ ചേർക്കും പ്രകാരം കരാറുകാരന് 49064 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്.

| Item No. | Description | Quantity/Rate /Amount |
|---|---|---|
| 1 | 15.31 Dismantling Tiled Roofing With Battens, Boaring Etc. Complete Including Stacking Of Serviceable Material And Disposal Of Unserviceable Material Within 50 Meters Lead | 412.440 Sqm @118.96 = 49063.86 |

മേൽ കാണിച്ച പ്രകാരം മേൽക്കൂര പൊളിച്ച് മാറ്റിയപ്പോൾ ലഭിച്ച മര ഉരുപ്പടികളും ഓടും ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല. 2400 ഓടിന് (Mangalore Roofing Tiles) അസിസ്റ്റന്റ് എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 7200 രൂപ വില നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മര ഉരുപ്പടികളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സർവ്വേ

റിപ്പോർട്ട് തയ്യാറാക്കി മൂല്യനിർണ്ണയം നടത്തിയ ഓട് പരസ്യലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ കരാറുകാരനുള്ള ഫൈനൽ ബില്ലിൽനിന്ന് ഓടിന്റെ വില കുറവ് വരുത്തുകയോ ചെയ്തിട്ടില്ല. മര ഉരുപ്പടികളും ഓടും ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അടിയന്തരനടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-31 എഗ്രിമെന്റ് വയ്ക്കുന്നതിൽ കാലതാമസം - നടപടിക്രമങ്ങൾ പാലിച്ചില്ല

ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കരാറുകാരന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും നോട്ടീസിൽ പറഞ്ഞിരുന്ന നിശ്ചിത തീയതിക്കുള്ളിൽ കരാർ വച്ചിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|
| 1 | വലമ്പൂരിമണ്ണ് - ഭാരത് മാതാ കോളനി നടപ്പാത സംരക്ഷണഭിത്തി നിർമ്മാണം (50/18-19)<br>കരാറുകാരന്റെ പേര് - ശ്രീ സതീഷ്കുമാർ<br>അടങ്കൽ - 125000<br>ടെണ്ടർ തീയതി - 18.01.19<br>ടെണ്ടർ നിരക്ക് - 0.02% Below<br>സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി - 24.01.19<br>എഗ്രിമെന്റ് വയ്ക്കേണ്ടിയിരുന്ന തീയതി - 07.02.19<br>എഗ്രിമെന്റ് നം., തീയതി - 115/AE/LSGD/PRDM/18-19, Dtd. 28.02.19 | 124975 | 1250 |
| 2 | ഇളപ്പപാറ അങ്കണവാടി മെയിന്റനൻസ് (S0192/19)<br>കരാറുകാരൻ - ശ്രീ സതീഷ്കുമാർ<br>അടങ്കൽ - 140000<br>ടെണ്ടർ തീയതി - 18.01.19<br>ടെണ്ടർ നിരക്ക് - 0.01% Below<br>സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി - 24.01.19<br>എഗ്രിമെന്റ് വയ്ക്കേണ്ടിയിരുന്ന തീയതി - 07.02.19<br>എഗ്രിമെന്റ് നം., തീയതി - 111/AE/LSGD/PRDM/18-19, Dtd. 26.02.19 | 139986 | 1400 |
| 3 | വി-കോട്ടയം ആഴക്കൂട്ടം പ്ലാംകാലായിൽഭാഗം നടപ്പാലം നിർമ്മാണം (S0101/19)<br>കരാറുകാരൻ - ശ്രീ സതീഷ്കുമാർ<br>അടങ്കൽ - 160000<br>ടെണ്ടർ തീയതി - 18.01.19<br>ടെണ്ടർ നിരക്ക് - Estimate Rate<br>സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി - 24.01.19<br>എഗ്രിമെന്റ് വയ്ക്കേണ്ടിയിരുന്ന തീയതി - 07.02.19<br>എഗ്രിമെന്റ് നം., തീയതി - 113/AE/LSGD/PRDM/18-19, Dtd. 26.02.19 | 160000 | 1600 |
| 4 | പാപ്പിമുരുപ്പ് ST കോളനി റോഡ് പുനരുദ്ധാരണം (S0193/19)<br>കരാറുകാരൻ - ശ്രീ സതീഷ്കുമാർ<br>അടങ്കൽ - 300000<br>ടെണ്ടർ തീയതി - 18.01.19 | 300000 | 3000 |

| | | | |
|---|---|---|---|
| | ടെണ്ടർ നിരക്ക് - Estimate Rate<br>സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി - 24.01.19<br>എഗ്രിമെന്റ് വയ്ക്കേണ്ടിയിരുന്ന തീയതി - 07.02.19<br>എഗ്രിമെന്റ് നം., തീയതി - 112/AE/LSGD/PRDM/18-19, Dtd. 26.02.19 | | |
| 5 | മേശരിമുരുപ്പ് റോഡ് സൈഡ് സംരക്ഷണഭിത്തി നിർമ്മാണം (S0101/19)<br>കരാറുകാരൻ - ശ്രീ സതീഷ്കുമാർ<br>അടങ്കൽ - 155000<br>ടെണ്ടർ തീയതി - 18.01.19<br>ടെണ്ടർ നിരക്ക് - 0.01% Below<br>സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി - 24.01.19<br>എഗ്രിമെന്റ് വയ്ക്കേണ്ടിയിരുന്ന തീയതി - 07.02.19<br>എഗ്രിമെന്റ് നം., തീയതി - 109/AE/LSGD/PRDM/18-19, Dtd. 26.02.19 | 154985 | 1550 |
| 6 | വി.കോട്ടയം ആഴക്കൂട്ടം റോഡ് കനാൽ സംരക്ഷണഭിത്തി കെട്ട് (S0100/19)<br>കരാറുകാരൻ - ശ്രീ സതീഷ്കുമാർ<br>അടങ്കൽ - 100000<br>ടെണ്ടർ തീയതി - 18.01.19<br>ടെണ്ടർ നിരക്ക് - Estimate Rate<br>സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി - 24.01.19<br>എഗ്രിമെന്റ് വയ്ക്കേണ്ടിയിരുന്ന തീയതി - 07.02.19<br>എഗ്രിമെന്റ് നം., തീയതി - 120/AE/LSGD/PRDM/18-19, Dtd. 06.03.19 | 100000 | 1000 |
| | ആകെ | | 9800 |

കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയതിനുശേഷം 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാത്തപക്ഷം കരാർ തുകയുടെ ഒരു ശതമാനം പിഴയായി ഒടുക്കി 10 ദിവസത്തേക്ക് കൂടി കരാർ വയ്ക്കുന്നതിന് കരാറുകാരന് സാവകാശം ലഭിക്കുന്നതാണെന്ന് സെലക്ഷൻ നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. തുടർന്നും കരാർ വയ്ക്കാത്തപക്ഷം മറ്റൊരറിയിപ്പും കൂടാതെ ദർഘാസ് റദ്ദ് ചെയ്യുന്നതിനും നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും സെലക്ഷൻ നോട്ടീസിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ നിശ്ചിത തീയതിയ്ക്കകം കരാർ വയ്ക്കാത്ത ടി കരാറുകാരിൽനിന്ന് നിയമാനുസൃതമുള്ള പിഴ ഈടാക്കി കരാർ ചമയ്ക്കാതിരുന്നതിനാൽ ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് 11399 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട കരാറുകാരിൽനിന്ന് തുക ഈടാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 26/24.01.2022) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ബന്ധപ്പെട്ട കരാറുകാരിൽനിന്ന് പിഴ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ പ്രതിഫലം നൽകിയില്ല

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(7) പ്രകാരം ഒരു പൊതുമരാമത്ത് പണി പൂർത്തിയായിക്കഴിഞ്ഞാൽ കരാറുകാരൻ രേഖാമൂലം വിവരം പഞ്ചായത്ത് സെക്രട്ടറിയെയും പഞ്ചായത്തിനെയും അറിയിക്കേണ്ടതും അറിയിപ്പ് കിട്ടി ഒരാഴ്ചയ്ക്കകം പണികളുടെ അളവെടുക്കൽ, ചെക്ക്മെഷർമെന്റ് നടത്തൽ എന്നിവ പൂർത്തിയാക്കേണ്ടതും, അതിനുശേഷം രണ്ടാഴ്ച്ചയ്ക്കകം പണിയുടെ അവസാന പെയ്മെന്റ് നടത്തേണ്ടതുമാണ്. 2019-20-ലെ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ കരാറുകാർക്ക് യഥാസമയം പ്രതിഫലം നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് വെച്ച തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | പ്രതിഫലം നൽകിയ തീയതി |
|---|---|---|---|---|
| 97/19 | 97/19 – പുളിമുക്ക് - മാത്തിൽകടവ് നിർമ്മാണം<br>ശ്രീ ബി. ബാലചന്ദ്രൻ നായർ<br>41/AE/LSGD/PRDM/18-19 20.08.18<br>ഫൈനൽ ബിൽ തുക – 199265<br>13/20-21/21.04.20 | 20.08.18 | 03.06.19 | 21.04.20 |
| 171/19 | വെള്ളപ്പാറ അങ്കണവാടി പുതുവേലിൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>ശ്രീ ബാലചന്ദ്രൻ നായർ<br>44/AE/LSGD/PRDM/ 21.08.18<br>ഫൈനൽ ബിൽ തുക – 147354<br>12/20-21/21.04.20 | 21.08.18 | 31.05.19 | 21.04.20 |

ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 134315 രൂപ

2016-17 മുതൽ 2019-20 വരെ കാലയളവിൽ ടെണ്ടർ ഫീസിനത്തിൽ കരാറുകാരിൽനിന്ന് ഈടാക്കി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 134315രൂപ പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല.

28-09-2013-ലെ ജി.ഒ .(എം.എസ്.) 318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീസാണ് മടക്കി ലഭിക്കാൻ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടറുകളുടെ എണ്ണം | തുക |
|---|---|---|
| 2016-17 | 2 | 15750 |
| 2017-18 | 2 | 11175 |
| 2018-19 | 13 | 48600 |
| 2019-20 | 13 | 58790 |
| ആകെ | | 134315 |

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ഈടാക്കി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ തുക, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സിഇ/തസ്വഭവ നമ്പർ സർക്കുലർ). പഞ്ചായത്ത് ഇ-ടെണ്ടർ ഫീസ് കൈകാര്യം ചെയ്യുന്നതിനായി SBI-ൽ അക്കൗണ്ട് അരംഭിച്ചിട്ടുണ്ടെങ്കിലും ഈ അക്കൗണ്ട് ഇ-ടെണ്ടർ സൈറ്റുമായി മാപ്പ് ചെയ്തിട്ടില്ല. അടുത്ത സാമ്പത്തികവർഷം മുതൽ ഈ അക്കൗണ്ടിലൂടെ ഇടപാടുകൾ നടത്തുന്നതിന് ക്രമീകരണം ചെയ്യുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് ഒടുക്കുന്നതിനും 2016-17 മുതൽ 2019-20 വരെ ഈ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 134315 രൂപ മടക്കി ലഭിക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പദ്ധതി പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ (സ.ഉ. (കൈ.)നം.11/2018/തസ്വഭവ, തീ. 29.01.2018) ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല.

1) നിർമ്മാണപ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഒരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (11.2.(6)).

2) നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ യഥാസമയം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല (11.4.(2)).

3) നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺ നമ്പരും, എഞ്ചിനീയറുടെ പേരും ഫോൺനമ്പരും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തിസ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം പാലിക്കുന്നില്ല (13.5)

4) ഒരു സ്പിൽഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

5) പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെടുകയോ പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

6) റോഡ്/റോഡിതര ആസ്തികളുടെ പരിപാലനത്തിന് ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കണമെന്നും അതിനായി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (6.7(7))

7) ഒരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(1))

8) തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന നിബന്ധന പാലിച്ചിട്ടില്ല. പഞ്ചായത്തിൽ റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല (7.13(6)).

9) റോഡ് നിർമ്മാണം, റോഡ് പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ കോൺക്രീറ്റ് പണികൾ ചെയ്യുന്നത് ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(8)).

10) നാറ്റ് പാക്ക് (National Transportation Planning And Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവിൽ പ്ലാസ്റ്റിക് ടാറിൽ ചേർത്ത് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(10)).

11) ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയിൽ നിർമ്മിക്കാൻ ശ്രമിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(12)).
സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ഗുണഭോക്താവല്ലാത്ത വ്യക്തിയുടെ അക്കൗണ്ടിലേക്ക് സബ്സിഡി ക്രഡിറ്റ് ചെയ്തു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (പ്രോജക്ട് നം. 282/20,വൃദ്ധർ, വികലാംഗർ) എന്ന പ്രോജക്ടിൽ ഗുണഭോക്താക്കളല്ലാത്ത രണ്ട് പേരുടെ അക്കൗണ്ടുകളിലേക്ക് 25000 രൂപ വീതം തെറ്റായി ക്രഡിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-36 ഗുണഭോക്താവിന് ഒരു ഗഡു തുക അധികമായി അനുവദിച്ചു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (പ്രോജക്ട് നം. 282/20, വൃദ്ധർ, വികലാംഗർ) എന്ന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് തെറ്റായി ഒരു ഗഡു തുക അധികമായി അനുവദിച്ചിട്ടുള്ളതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-37 ഗുണഭോക്താക്കൾക്ക് ഒരോ ഗഡു അധികമായി അനുവദിച്ചു

2019-20 വർഷം പ്രോജക്റ്റ് നം. 282/20 പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്.സി.) എന്ന പദ്ധതിയിൽ രണ്ട് ഗുണഭോക്താക്കൾക്ക് തെറ്റായി ഓരോ ഗഡു തുകകൾ അധികമായി അനുവദിച്ചിട്ടുള്ളതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

## 1-38 ഹരിതകർമ്മസേനയ്ക്ക് വി.ജി.എഫ്. - ചെലവ് രേഖകൾ ഹാജരാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണ ചുമതലയിൽ ഹരിതകർമ്മസേനയ്ക്ക് വി.ജി.എഫ് നൽകുന്നതിന് പ്രോജക്റ്റ് നം. 57/20 പ്രകാരം പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് 440325 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. ആറുമാസ കാലയളവിലേക്ക് വാർഡൊന്നിന് 23175 രൂപ വീതം ഗ്രാമപഞ്ചായത്തിലെ 19 വാർഡിലെ ഹരിതകർമ്മസേനയ്ക്ക് വി.ജി.എഫ്. നൽകുന്നതിനാണ് തുക വകയിരുത്തിയിരുന്നതെങ്കിലും ഇതിനായി തുക ചെലവഴിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ശ്രീ അന്ന സക്കറിയ എന്നയാളുടെ പേരിൽ 13351 രൂപ നൽകിയിട്ടുണ്ട്.

| ബിൽ നം. | തുക | തുക കൈപ്പറ്റിയ ആളിന്റെ പേര് |
|---|---|---|
| 30952 /11.12.2019 | 4357 | ശ്രീ അന്ന സക്കറിയ |
| 30955/11.12.2019 | 4357 | ശ്രീ അന്ന സക്കറിയ |
| 31799 /07.03.2020 | 4637 | ശ്രീ അന്ന സക്കറിയ |
| ആകെ | 13351 | |

ടി ചെലവിനാധാരമായ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവുരേഖകൾ ലഭ്യമാക്കാത്തപക്ഷം കേരള പഞ്ചായത്ത് രാജ് (ഓഡിറ്റ് പരിശോധനരീതിയും സംവിധാനങ്ങളും) ചട്ടങ്ങൾ 12(2) പ്രകാരം രേഖകൾ ഇല്ല എന്ന നിഗമനത്തിൽ ചെലവ് നിരാകരിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-39 ലൈബ്രറികളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല

2019-20-ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തനതുഫണ്ടിൽനിന്ന് 70000 രൂപ വകയിരുത്തി പ്രമാടം ജി.എൽ.പി.എസ്., ഹെഡ്മിസ്ട്രസ്സിന്റെ നിർവ്വഹണ ചുമതലയിൽ പഞ്ചായത്ത് പ്രദേശത്തെ 7 ലൈബ്രറികൾക്ക് പുസ്തകം വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന ലൈബ്രറികൾക്ക് പുസ്തകം വാങ്ങുന്നതിന് 10000 രൂപ വീതം ആകെ 70000 രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം. 667990/03.01.20).

1. ടാഗോർ പബ്ലിക് ലൈബ്രറി, വെള്ളപ്പാറ
2. പബ്ലിക് ലൈബ്രറി, വകയാർ
3. പബ്ലിക് ലൈബ്രറി, മല്ലശ്ശേരി
4. ജനതാ ഗ്രന്ഥശാല, വി-കോട്ടയം
5. ജവഹർ പബ്ലിക് ലൈബ്രറി, ളാക്കൂർ
6. പബ്ലിക് ലൈബ്രറി, പ്രമാടം
7. പ്രമദ ലൈബ്രറി, വി-കോട്ടയം

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് മാത്രമേ ത്രിതലപഞ്ചായത്തുകൾ മുഖേന ആസ്തികൾ വിതരണം ചെയ്യുന്നതിന് വ്യവസ്ഥയുള്ളൂ. (സ.ഉ. (സാധാ)നം.2148/2014/തസ്വഭവ., തീ.19.08.2014). എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പഞ്ചായത്തിൽനിന്ന ലഭിച്ച തുക വിനിയോഗിച്ച് വാങ്ങിയ പുസ്തകങ്ങൾ ബന്ധപ്പെട്ട ലൈബ്രറികളുടെ സ്റ്റോക്കിൽ ചേർത്തിട്ടുള്ളതിന്റെ വിവരവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഷോക്കോസ് നോട്ടീസ്, ഓഡിറ്റ് എൻക്വയറി (24/2019-20/31.01.2022) എന്നിവ നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. പുസ്തകങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച തുക 70000 രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-40 സ്റ്റോക്ക് വിതരണരേഖകൾ ലഭ്യമാക്കിയില്ല

പഞ്ചായത്തിലെ 5 എൽ.പി.സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനാണ് ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. പദ്ധതിയുടെ ഭാഗമായി ബുക്ക് മാർക്കിൽനിന്നു 445 പുസ്തകങ്ങൾ വാങ്ങിയതിന് തനത് ഫണ്ട് തുക 30000 രൂപ (ചെക്ക് നം. 5279616/13.02.20) ചെലവഴിച്ചിട്ടുണ്ട്. പുസ്തകങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണവിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. പകരം 5 സ്കൂളുകളിലെ പ്രധാനാദ്ധ്യാപികമാരിൽ നിന്നുള്ള കൈപ്പറ്റ് രസീത് മാത്രമാണ് വിതരണരേഖയായി സൂക്ഷിച്ചിട്ടുള്ളത്. ടി കൈപ്പറ്റ് രേഖകൾ പരിശോധിച്ചതിൽ വാങ്ങിയ 445 പുസ്തകങ്ങളിൽ 435 പുസ്തകങ്ങൾ മാത്രമാണ് 5 സ്കൂളുകളിലെ പ്രധാനാധ്യാപികമാർ കൈപ്പറ്റിയിട്ടുള്ളത്. താഴെപ്പറയുന്ന 10 പുസ്തകങ്ങൾ ലഭിച്ചതിന്റെയോ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമല്ല.

| ക്രമ നം. | പുസ്തകത്തിന്റെ പേര് | എണ്ണം | വില |
|---|---|---|---|
| 1 | കേരളത്തിലെ പക്ഷികൾ | 3 | 1800 |
| 2 | പരിസ്ഥിതി വിജ്ഞാനകോശം | 3 | 660 |
| 3 | ആരാച്ചാർ | 1 | 495 |
| 4 | മീരാ സാധു | 3 | 375 |
| | ആകെ | | 3330 |

രേഖകൾ ലഭ്യമാക്കുന്നതു സംബന്ധിച്ച് ഷോക്കോസ് നോട്ടീസ്, ഓഡിറ്റ് എൻക്വയറി ഇവ നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. വിതരണം ചെയ്യാത്ത പുസ്തകങ്ങളുടെ വില 3330 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 സ്കൂളുകൾക്ക് ഡെസ്ക്, കസേര വാങ്ങൽ - വിതരണ രേഖകൾ പൂർണ്ണമല്ല

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ 2019-20-ലെ സ്പിൽ ഓവർ പദ്ധതിയായ സ്കൂളുകൾക്ക് ഡെസ്ക്, കസേര വാങ്ങൽ (പ്രോ.നം.213/20) എന്ന പദ്ധതിയുടെ ഭാഗമായി ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽനിന്ന് ആഞ്ഞിലിത്തടിയിൽ നിർമ്മിച്ച 115 വീതം ചാരുബഞ്ചും ഡെസ്കും വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | ഇന വിവരം | എണ്ണം | നിരക്ക് | തുക | ആകെ തുക | ചെലവിന്റെ വിവരം ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|---|
| 133/21.03.19 | ഡെസ്ക് 90x45x60 | 40 | 1948 | 77920 | 77920 | തുക – 169400 41819/17.04.19 |
| 134/21.03.19 | ചാരുബഞ്ച് | 40 | 2287 | 91480 | 91480 | |
| 152/27.03.19 | ഡസ്ക് 90x45x60 | 17 | 1948 | 33116 | 71995 | തുക – 135520 49821/17.04.19 |
| | ചാരുബഞ്ച് | 17 | 2287 | 38879 | | |
| 154/28.03.19 | ഡെസ്ക് 90x45x60 | 15 | 1948 | 29220 | 63525 | |
| | ചാരുബഞ്ച് | 15 | 2287 | 34305 | | |
| 003/01.06.2019 | ചാരുബഞ്ച് | 26 | 2287 | 59465 | 59465 | തുക - 182108 08142/14.11.19 |
| 004/01.06.2019 | ഡസ്ക് 90x45x60 | 43 | 1948 | 83764 | 122643 | |
| | ചാരുബഞ്ച് | 17 | 2287 | 38879 | | |
| | ആകെ | | | | 487028 | |

മേൽപ്പറഞ്ഞ പ്രകാരം വാങ്ങിയ ഫർണിച്ചറുകളിൽ ഗവ.എൽ.പി.എസ്., തെങ്ങുംകാവ്, ഗവ. എൽ.പി.എസ്. ളാക്കൂർ എന്നീ സ്കൂളുകളിലെ ഹെഡ്മിസ്ട്രസ്സുമാർ യഥാക്രമം 17ഉം, 20ഉം വീതം ബഞ്ചുകളും ഡെസ്കുകളും കൈപ്പറ്റിയതിന്റെ ലെറ്റർ പാഡിലുള്ള കൈപ്പറ്റു രസീതുകൾ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. അവശേഷിച്ച 81 ബഞ്ചുകളുടേയും 75 ഡെസ്കുകളുടേയും വിതരണ വിവരമോ അവ കൈപ്പറ്റികൊണ്ടുള്ള ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ കൈപ്പറ്റ് രസീതുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വാങ്ങിയ ഫർണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഷോക്കോസ് നോട്ടീസ്, ഓഡിറ്റ് എൻക്വയറി (24/31.01.2022)ഇവ നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. വിതരണരേഖകൾ ഹാജരാക്കാത്ത 81 ബഞ്ചുകളുടേയും 75 ഡെസ്കുകളുടേയും വിലയായ 331347 രൂപ (185247+146100) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അവ

സ്കൂളുകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-42 വട്ടക്കാവ് ഞക്കകാവ് കുടിവെള്ള പദ്ധതി - വിനിയോഗ രേഖകളില്ല

ഗ്രാമപഞ്ചായത്തിലെ വട്ടക്കാവ് ഞക്കകാവ് പ്രദേശത്ത് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച കുടിവെള്ള പദ്ധതിക്ക് വിഹിതം നൽകുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി 2019-20 വർഷം പ്രോജക്ട് ആവിഷ്കരിക്കുകയും തനതുഫണ്ടിൽ നിന്ന് 419354 രൂപ 5279617/24.02.2020 നമ്പർ ചെക്ക് പ്രകാരം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. തുക ബ്ലോക്ക് പഞ്ചായത്ത് കൈപ്പറ്റിയതിന്റെ രേഖകൾ, തുകയുടെ വിനിയോഗ രേഖകൾ, എഗ്രിമെന്റ്, പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ഒന്നുംതന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സംയുക്ത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട 23/01/2017-ലെ ജി.ഒ(പി)7/2017/ഫിൻ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടല്ല ഫണ്ട് കൈമാറിയിരിക്കുന്നത്. രേഖകളുടെ അഭാവത്തിൽ തനതുഫണ്ടിൽ നിന്നുള്ള 419354 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-43 ചെലവു രേഖകൾ ഹാജരാക്കിയില്ല ; ചെലവ് തടസ്സപ്പെടുത്തുന്നു

2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ലൈബ്രറി വികസനം (പ്രോ.നം.229/2020) എന്ന പ്രൊജക്ടിന്റെ ഭാഗമായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്ന് 64950 രൂപ ഹെഡ്മിസ്ട്രസ്സ് ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽ നം.64913/20.06.19). പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഷോക്കോസ് നോട്ടീസ്, ഓഡിറ്റ് എൻക്വയറി (24/31.01.2022)ഇവ നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. വിതരണരേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 64950 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 ഗ്രന്ഥശാലയ്ക്ക് കസേര വാങ്ങൽ - ചെലവുരേഖകൾ പൂർണ്ണമല്ല

2019-20-ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി.പി. ഫണ്ടിൽനിന്ന് 20000 രൂപ അടങ്കൽ വകയിരുത്തി ഗ്രന്ഥശാലയ്ക്ക് കസേര വാങ്ങൽ (പ്രോ.നം.302/20) എന്ന പേരിൽ ഹെഡ്മിസ്ട്രസ്സിന്റെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ജയ്സൺ ഇംപെക്സ്, പുലിയന്നൂർ എന്ന സ്ഥാപനത്തിൽനിന്ന് 10.01.20-ലെ B100083 നമ്പർ ക്യാഷ് ബിൽ പ്രകാരം 50 കസേരകൾ വാങ്ങിയ ഇനത്തിൽ 20000 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.193013/01.02.20). ചെലവിനാധാരമായി ഒരു ക്വട്ടേഷൻ നോട്ടീസും ക്യാഷ് ബില്ലും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. പ്രോജക്ട്, ലഭിച്ച ക്വട്ടേഷനുകൾ, സപ്ലയർ ഹാജരാക്കിയിട്ടുള്ള മുദ്രപത്രത്തിലുള്ള എഗ്രിമെന്റ്, വാങ്ങിയ കസേരകളുടെ സ്റ്റോക്ക് വിതരണവിവരം, ബന്ധപ്പെട്ട ഗ്രന്ഥശാലാ അധികൃതർക്ക് കസേരകൾ കൈമാറിയതിന്റെ കൈപ്പറ്റ് രസീത്, എസ് സി പി ഫണ്ട് ചെലവഴിച്ചതിന്റെ സാധുത തെളിയിക്കുന്നതിന്റെ രേഖകൾ എന്നിവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/30.01.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 20000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 മഴക്കാലപൂർവ്വ ശുചീകരണം - ചെലവുരേഖകൾ ഹാജരാക്കിയില്ല

മഴക്കാലപൂർവ്വ ശുചീകരണച്ചെലവുകൾക്കായി 2019-20 വർഷം തനത് ഫണ്ടിൽ നിന്ന് എല്ലാ വാർഡുതല സാനിട്ടേഷൻ കമ്മിറ്റികൾക്കും 5000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ 1, 2, 10, 11, 13, 14, 15, 16, 17, 19 എന്നീ വാർഡുകളിലെ സാനിറ്റേഷൻ കമ്മിറ്റികൾ തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8/18.01.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക ചെലവഴിച്ചിട്ടില്ലെങ്കിൽ തനതുഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 10 വാർഡുകൾക്ക് നൽകിയ തുക 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഗുണഭോക്താവ് അല്ലാത്ത വ്യക്തിയുടെ അക്കൗണ്ടിലേക്ക് സബ്സിഡി അനുവദിച്ചു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (പ്രോജക്ട്നം. 282/20,വൃദ്ധർ, വികലാംഗർ) എന്ന പദ്ധതിയുടെ ഭാഗമായി 35 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം രണ്ട് തുല്യഗഡുക്കളായി വിതരണം ചെയ്തിട്ടുണ്ട്. ചെലവുരേഖകൾ പരിശോധിച്ചതിൽ പ്രോജക്ടിൽ വകയിരുത്തിയിരുന്ന തുകയിൽനിന്ന് പദ്ധതിയുടെ ഗുണഭോക്താക്കളല്ലാത്ത രണ്ടുപേരുടെ അക്കൗണ്ടുകളിലേക്ക് 25000 രൂപ വീതം തെറ്റായി ക്രഡിറ്റ് ചെയ്തിട്ടുള്ളതായി വ്യക്തമായി. അംഗീകൃത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്ത ശ്രീമതി രാജമ്മ, ശ്രീമതി ലീലാമ്മ എന്നിവരുടെ അക്കൗണ്ടുകളിലേക്കാണ് 25000 രൂപ വീതം നൽകിയിട്ടുള്ളത്.

| അക്കൗണ്ടിലേക്ക് തെറ്റായി തുക ക്രഡിറ്റ് ചെയ്യപ്പെട്ട വ്യക്തിയുടെ പേര് | അക്കൗണ്ട് നം. | തുക | ബിൽ നം., തീ. | റിമാർക്സ് |
|---|---|---|---|---|
| ശ്രീമതി രാജമ്മ | 0454053000003482 (SBI) | 25000 | 709064/19.10.2019 | |
| ശ്രീമതി ലീലാമ്മ വർഗ്ഗീസ് | 40745101010891 (KGB) | 25000 | 77291/22.03.2020 | 19.08.20-ലെ KL0065954972 0202 നമ്പർ ചെലാൻ പ്രകാരം തിരിച്ചടച്ചു |

പ്രോജക്ട് രജിസ്റ്ററിൽ ഇവരുടെ പേര് വിവരം ഉൾപ്പെടുത്തുകയോ ആനുകൂല്യത്തിനുള്ള അപേക്ഷ, അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ മുതലായവ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. എന്തടിസ്ഥാനത്തിലാണ് ഇവരുടെ അക്കൗണ്ടുകളിലേക്ക് പദ്ധതിയുടെ ആനുകൂല്യം ക്രഡിറ്റ് ചെയ്തതെന്ന് വ്യക്തമല്ല. ഇതിൽ ശ്രീമതി ലീലാമ്മയ്ക്ക് നൽകിയ തുക തെറ്റ് മനസ്സിലാക്കി നിർവ്വഹണോദ്യോഗസ്ഥൻ തിരികെ ഈടാക്കി ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ശ്രീമതി രാജമ്മയ്ക്ക് നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/28.01.2022) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയില്ല. ശ്രീമതി രാജമ്മയ്ക്ക് നൽകിയ 25000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്.

## 3-2 പദ്ധതിയുടെ ഗുണഭോക്താവിന് ഒരു ഗഡു തുക അധികമായി അനുവദിച്ചു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (വൃദ്ധർ, വികലാംഗർ- പ്രോജക്ട് നമ്പർ 282/20) എന്ന പദ്ധതിയുടെ ഭാഗമായി 35 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിന് തെറ്റായി ഒരു ഗഡു തുക അധികമായി അനുവദിച്ചിട്ടുള്ളതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 25000 രൂപയുടെ രണ്ട് തുല്യ ഗഡുക്കളായി ആകെ 50000 രൂപ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി ശ്രീ മോഹൻകുമാർ പി.എസ്. എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് മൂന്ന് തവണകളായി 75000 രൂപ അനുവദിച്ചു നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ട്രഷറി ബിൽ നം., തീയതി |
|---|---|---|
| മോഹൻകുമാർ പി.എസ്., പുളിക്കമണ്ണിൽ, ചേരിമുക്ക്, കോന്നി | 25000 | 11060/02.08.19 |
| | 25000 | 20981/30.08.19 |
| | 25000 | 22202/26.09.19 |
| ആകെ | 75000 | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/28.01.2022) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ ഗുണഭോക്താവിന് അധികം നൽകിയ 25000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്.

## 3-3 വീട് വാസയോഗ്യമാക്കൽ (എസ്.സി.) - ഗുണഭോക്താക്കൾക്ക് തുക അധികം നൽകി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്.സി. – പ്രോജക്ട് നം. 52/20) എന്ന പദ്ധതിയുടെ ഭാഗമായി 32 ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട

രണ്ട് ഗുണഭോക്താക്കൾക്ക് തെറ്റായി ഓരോ ഗഡു തുക അധികമായി അനുവദിച്ചിട്ടുണ്ട്. 37500 രൂപയുടെ രണ്ട് തുല്യ ഗഡുക്കളായി ആകെ 75000 രൂപ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇതിനു വിരുദ്ധമായി ശ്രീമതി ഓമന പുതുവേലിൽ, ശ്രീമതി ശാരദ ലക്ഷംവീട് എന്നീ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ചുവടെ ചേർക്കും പ്രകാരം മൂന്ന് തവണകളായി 112500 രൂപ അനുവദിച്ച് നൽകിയതുമൂലം അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ട്രഷറി ബിൽ നം., തീയതി |
|---|---|---|
| ശ്രീമതി ഓമന, പുതുവേലിൽ, വെള്ളപ്പാറ പി.ഒ. | 37500 | 37157/30.09.19 |
| | 37500 | 10002/19.10.19 |
| | 37500 | 348558/16.02.20 |
| ആകെ | 112500 | |
| ശ്രീമതി ശാരദ, ലക്ഷംവീട്, ഇളകൊള്ളൂർ പി.ഒ. | 37500 | 37157/30.09.19 |
| | 37500 | 9060/19.10.19 |
| | 37500 | 89509/30.11.19 |
| ആകെ | 112500 | |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20-21 തീയതി 28.01.22) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് അധികമായി അനുവദിച്ച 75000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 310/20 - സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 300000 | 0 |
| | 725000 | ബനാനാ പാർക്ക് രണ്ടാം ഘട്ടം | 714472 | 10528 |
| | 700000 | 6/20 പാലിന് സബ്സിഡി | 700000 | 0 |
| | 213560 | 46/20 ലൈഫ് എസ്സ് സി പി | 213560 | 0 |
| | 1800000 | 335/20 - ലൈഫ് ജനറൽ | 500140 | 1299860 |
| | 700000 | 15/20 സ്കോളർഷിപ്പ് | 499800 | 200200 |
| | 400000 | 325/20-മുണ്ടയ്ക്കാ മുരുപ്പ് | 0 | 400000 |
| | 600000 | 198/20- പ്രമാടം കുടിവെള്ള പദ്ധതിക്ക് പമ്പ് സെറ്റ് | 600000 | 0 |
| | 400000 | 77-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | 0 | 400000 |
| | 500000 | 325/20 - മുണ്ടക്കാമുരുപ്പ് അർദ്ധകണ്ണൻ റോഡ് | 0 | 105842 |
| | 1210000 | 298/20 - എഴുമൺ കുടിവെള്ള പദ്ധതി | 1210000 | 0 |
| | 800000 | 16/2020- പന്നി ശല്യത്തിൽ നിന്നും കൃഷി സംരക്ഷിക്കൽ | 0 | 800000 |

| | | | | |
|---|---|---|---|---|
| | 300000 | അനുപൂരക പോഷകാഹാരം | 300000 | 0 |
| | 500000 | 320/20- വലഞ്ചുഴി വഞ്ചിപ്പടി 49-ാം നമ്പർ അങ്കണവാടി | 0 | 500000 |
| ജില്ലാപ്പഞ്ചായത്ത് | 1500000 | 311/20-ഒഡി എഫ് | 1500000 | 0 |
| | 1936517 | 46/20- ലൈഫ് -എസ്സ് സി പി | 145600 | 1790917 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ (21/20) | 2377240 | 312848 | 2064392 |
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (152/20) | 101000 | 101000 | - |
| കേരള വാട്ടർ അതോറിറ്റി | പ്രമാടം കുടിവെള്ള പദ്ധതിക്ക് പമ്പ്സെറ്റും മോട്ടോറും സ്ഥാപിക്കൽ (198/20) | 1160000 | 1160000 | - |
| കേരള വാട്ടർ അതോറിറ്റി | എഴുമൺ കുടിവെള്ള പദ്ധതി (298/20) | 2520000 | 1710000 | 810000 |
| കേരള വാട്ടർ അതോറിറ്റി | കൈതക്കര കുടിവെള്ള പദ്ധതിക്ക് മോട്ടോർ, ഫിറ്റിംഗ് ചാർജ്ജ് (300/20) | 390000 | 60000 | 330000 |
| കെ.എസ്.ഇ.ബി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിലേക്ക് തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ (310/20) | 125000 | 93975 | 31025 |
| കെ.എസ്.ഇ.ബി | വട്ടക്കാവ് ഞക്കുകാവ് കുടിവെള്ള പദ്ധതിയ്ക്ക് ത്രീഫേസ് ലൈൻ(365/20) | 100000 | 92158 | 7842 |
| കേരള വാട്ടർ അതോറിറ്റി | ഗംഗാ കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ (380/20) | 690000 | - | 690000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2680000 രൂപ വരവുണ്ട്. വായ്പ തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം വായ്പയെടുത്ത | തൻവർഷത്തേതുൾപ്പെടെ തിരിച്ചടയ്ക്കാനുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | ബാക്കിയുണ്ടായിരുന്ന തുക | തുക | ആകെ വായ്പ തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | 2471387 | 2680000 | 5151387 | 632354 | 0 | 4519033 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 2014-15 | 2-1 | 2016-17 | തൊഴിൽനികുതി അപാകങ്ങൾ |
| 2015-16 | 2-6 | 2016-17 | തൊഴിൽനികുതി അപാകങ്ങൾ |

തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## 4-8 ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 119551332 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80062515 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 125000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1076270 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | സർചാർജ് ചെയ്യുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 25000 | ശ്രീ ഫിന്നി കെ. രാജു, വി.ഇ.ഒ. |
| 3-2 | 25000 | ശ്രീ ഫിന്നി കെ. രാജു, വി.ഇ.ഒ. |
| 3-3 | 75000 | ശ്രീ ഫിന്നി കെ. രാജു, വി.ഇ.ഒ. |
| ആകെ | 125000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 27000 | ഡോ.സജിത എസ് പിള്ള ,വെറ്ററിനറി സർജൻ |
| 1-18 | 90289 | ശ്രീമതി എൻ.ഡി. വൽസല, ഹെഡ്മിസ്ട്രസ് |
| 1-39 | 70000 | ശ്രീമതി എൻ.ഡി. വൽസല, ഹെഡ്മിസ്ട്രസ് |
| 1-40 | 3330 | ശ്രീമതി എൻ.ഡി.വൽസല, ഹെഡ്മിസ്ട്രസ് |
| 1-41 | 331347 | ശ്രീമതി എൻ.ഡി.വൽസല,ഹെഡ്മിസ്ട്രസ് |
| 1-42 | 419354 | ശ്രീമതി മിനി മറിയം ജോർജ്, സെക്രട്ടറി |
| 1-43 | 64950 | ശ്രീമതി എൻ.ഡി. വൽസല, ഹെഡ്മിസ്ട്രസ് |
| 1-44 | 20000 | ശ്രീമതി എൻ.ഡി. വൽസല, ഹെഡ്മിസ്ട്രസ് |
| 1-45 | 50000 | ശ്രീമതി എൻ.ഡി. വൽസല, ഹെഡ്മിസ്ട്രസ് |

| | | |
|---|---|---|
| ആകെ | 1020727 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനി മറിയം ജോർജ്, സെക്രട്ടറി | സെക്രട്ടറി, റാന്നി ഗ്രാമപഞ്ചായത്ത് | പനച്ചയ്ക്കൽ, മങ്ങാരം പി.ഒ., കോന്നി |
| ശ്രീ ഫിന്നി കെ. രാജു, വി.ഇ.ഒ. | ലഭ്യമല്ല | കൊച്ചുപറമ്പിൽ ഹൗസ്, കൊമ്പാടി, മഞ്ഞാടി പി.ഒ., തിരുവല്ല. |
| ഡോ.സജിത.എസ്.പിള്ള, വെറ്റനറി സർജർ | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | പാട്ടിയേരത്ത് വീട് എൻ.എസ്.എസ് കോളേജിന് സമീപം പന്തളം പി.ഒ പത്തനംതിട്ട – 689501 |
| ശ്രീമതി എൻ.ഡി.വത്സല, ഹെഡ് മിസ്ട്രസ് | പ്രമാടം ഗ്രാമപഞ്ചായത്ത് | ഹരിതഭവനം മല്ലശ്ശേരി പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്ന് നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2.659/01 തീയതി 11.06.2002 | 2 |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി2.588/98 തീയതി 07.12.1999 | 8 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി2.603/05 തീയതി 04.01.2006 | 1 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2.251/2000 തീയതി 24.11.2001 | 13 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി3/157/2008 തീയതി 27.03.2008 | 1 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2.289/02 തീയതി 16.12.02 | 6 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/158/2008 തീയതി 27/03/2008 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി3/159/08 തീയതി 27.03.08 | 1 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2-387/2005 തീയതി 01/10/2005 | 5 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/558/06 തീയതി 05.09.07 | 5 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി9/751/08 | 4 |

| | | |
|---|---|---|
| | തീയതി 05.05.10 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി9/246/10 തീയതി 08.12.2010 | 11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി10/208/11 തീയതി 30.10.12 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി10/209/11 തീയതി 30.10.12 | |
| 2007-08 To 2010-11 | എൽ.എഫ്.പി.റ്റി.എ-പി9.1112/12 തീയതി 15.03.2014 | 10 |
| 2011-12 To 2012-13 | എൽ.എഫ്.പി.റ്റി.എ-പി9-539/14 തീയതി 06.11.2014 | 6 |
| 2013-14 To 2014-15 | കെ.എസ്.എ.പി.റ്റി.എ-പി9-149/16 തീയതി 10.02.2016 | 10 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/1228/16 തീയതി 02.12.2016 | 18 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/954/2017 തീയതി 29.08.2017 | 12 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/1576/2018 തീയതി 05.01.2019 | 13 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.9/177/2020 തീയതി 07.05.2020 | 12 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്